2023
JUNE
10
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

SINCE 1995
KUROL
An Ayurvedic Proprietary Medicine
A NATURAL & SAFE REMEDY FOR PILES



## വിപണി നേട്ടത്തിൽ ടാറ്റ മോട്ടോഴ്സ്, ബജാജ് ഫിനാൻസ് മുന്നേറുന്നു

**മുംബൈ:** ആഴ്ചയിലെ അവസാന വ്യാപാര ദിനത്തിൽ ആഗോള വിപണികൾക്കു പിന്നാലെ നേട്ടമുണ്ടാക്കി ഇന്ത്യൻ വിപണി. വിദേശ നിക്ഷേപം വർധിക്കുന്നതിനു പിന്നാലെ റിസർവ് ബാങ്കിന്റെ പണനയവും വിപണിയെ സ്വാധീനിച്ചു. സെൻസെക്!സ് 135.43 പോയിൻറ് നേട്ടത്തിൽ 62,984.07ലും നിഫ്റ്റി 42.1 പോയിന്റുയർന്ന് 18,676.65ലും വ്യാപാരം ആരംഭിച്ചു.

സെൻസെക്!സിൽ ഇൻഡസ്ഇൻഡ് ബാങ്ക്, ടൈറ്റൻ, ടാറ്റ മോട്ടോഴ്സ്, അൾട്രാടെക് സിമന്റ്, ലാർസൻ ആൻഡ് ട്രൂബോ, ആക്!സിസ് ബാങ്ക്, ബജാജ് ഫിനാൻസ്, ഭാരതി എയർടെൽ എന്നീ ഓഹരികൾ മുന്നേറിയപ്പോൾ ടാറ്റ സ്റ്റീൽ, മഹീന്ദ്ര ആൻഡ് മഹീന്ദ്ര, ഇൻഫോസിസ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കൊട്ടക് മഹീന്ദ്ര ബാങ്ക് എന്നിവ താഴേക്കു പോയി.

ഏഷ്യൻ മാർക്കറ്റിൽ സോൾ, ടോക്കിയോ, ഹോങ്കോങ് വിപണികൾ ഇന്ന് നേട്ടത്തിൽ വ്യാപാരമാരംഭിച്ചു. യുഎസ് വിപണിയും ഇന്നലത്തെ ട്രേഡിങ്ങിൽ സജീവമായിരുന്നു. ബാങ്ക് ഓഫ് കാന!ഡ അപ്രതീക്ഷിതമായി നിരക്ക് വർധിപ്പിച്ചതിനു പിന്നാലെ അമേരിക്കയിൽ ഹോക്കിഷ് പ്രവണത ഫെഡ് റിസർവ് തുടരുമോ എന്നറിയാനായി കാത്തിരിക്കുകയാണ് നിക്ഷേപകർ. ബ്രെന്റ് ക്രൂഡ് 0.51% ഇടിഞ്ഞതോടെ ബാരലിന് 75.57 ഡോളറിലെത്തി.

## വാട്സാപ്പിൽ ചാനൽ വരുന്നു

**മുംബൈ:** ചാറ്റ്, സ്റ്റാറ്റസ് എന്നിവയ്ക്കു പുറമേ വാട്സാപ്പിൽ ചാനലുകളും എത്തുന്നു. ഫെയ്സ്ബുക് പേജിനു സമാനമാണ് വാട്സാപ് ചാനൽ. അക്കൗണ്ട് ഉടമയുടെ ഫോൺ നമ്പർ പരസ്യമാക്കാതെ ഈ ചാനലിൽ അപ്ഡേറ്റുകൾ നൽകാനാകും. മറ്റുള്ളവർക്ക് ചാനൽ ഫോളോ ചെയ്യാം. നിലവിലുള്ള ബ്രോഡ്കാസ്റ്റ് സംവിധാനത്തിന്റെ നവീകരിച്ച രൂപമായിരിക്കും ചാനൽ. ഫോട്ടോ, വിഡിയോ, പോൾ തുടങ്ങിയവ അഡ്മിൻമാർക്ക് ചാനലിൽ പോസ്റ്റ് ചെയ്യാം. ചാനൽ ഫോളോ ചെയ്യുന്നവർക്ക് ഒന്നും പോസ്റ്റ് ചെയ്യാൻ സാധിക്കില്ല. എന്നാൽ, ടെലഗ്രാമിലേതു പോലെ വലിയ ഫയലുകൾ ഷെയർ ചെയ്യാനാകുമോ എന്നു വ്യക്തമല്ല.

# കെ ഫോണിന് ചൈനീസ് കേബിൾ
# കേന്ദ്രം പരിശോധന നടത്തും




**തിരുവനന്തപുരം:** കേന്ദ്ര നിയമങ്ങളെല്ലാം കാറ്റിൽ പറത്തി ചൈനീസ് കേബിളുകൾ ഉപയോഗിച്ചതിനെക്കുറിച്ച് കേന്ദ്രസർക്കാർ പരിശോധന നടത്തുമെന്നാണു വിവരം. പിഎസ്ഡിഎഫ് സ്കീമിലെ മാനദണ്ഡങ്ങളെല്ലാം പാലിച്ചിട്ടുണ്ടോ എന്നും പരിശോധന നടത്തും. കെ ഫോൺ പദ്ധതിക്കായി കെഎസ്ഇബിയുടെ പോസ്റ്റുകൾ വഴി സ്ഥാപിച്ച ഒപിജിഡബ്ല്യു കേബിളിന്റെ പണം കേന്ദ്രപദ്ധതിയിൽ നിന്ന്. കേന്ദ്ര സർക്കാരിന്റെ പവർ സിസ്റ്റം ഡവലപ്മെന്റ് ഫണ്ട് (പിഎസ്ഡിഎഫ്) പദ്ധതിയിൽ കെഎസ്ഇബിക്ക് അനുവദിച്ച തുക ഉപയോഗിച്ചാണു കെ ഫോണിനായി ഒപിജിഡബ്ല്യു കേബിൾ സ്ഥാപിച്ചത്. എൽഎസ് കേബിൾ കമ്പനി നൽകിയ കേബിളിൽ ചൈനീസ് ഘടകം ഉൾപ്പെട്ടതിനെ കെഎസ്ഇബി എതിർത്തതും കേന്ദ്ര നയമായ മെയ്ക് ഇൻ ഇന്ത്യക്കായി നിർബന്ധം പിടിച്ചതും കേന്ദ്രഫണ്ട് ഉപയോഗിക്കുന്നുവെന്ന കാരണത്താലായിരുന്നു. എൽഎസ് കേബിളിനു പണം നൽകേണ്ടതും കെഎസ്ഇബി തന്നെ. ഈ തുക ഇതുവരെ അനുവദിച്ചിട്ടില്ല.

സംസ്ഥാനങ്ങളുടെ പ്രസാരണ ശൃംഖല പുതുക്കാനും ആധുനീകരിക്കാനും കേന്ദ്ര ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മിഷന്റെ ശുപാർശ പ്രകാരം കേന്ദ്ര ഊർജമന്ത്രാലയം അംഗീകരിച്ചതാണ് പിഎസ്ഡിഎഫ് സ്കീം. നാഷനൽ ലോഡ് ഡെസ്പാച്ച് സെന്റർ (എൻഎൽഡിസി) ആണു നോഡൽ ഏജൻസി. പദ്ധതി രേഖ തയാറാക്കുന്നതും ഫണ്ട് നൽകുന്നതും പരിശോധന നടത്തുന്നതുമെല്ലാം ഇവരാണ്. ഈ സ്കീമിൽ ഉൾപ്പെടുത്തി ഒപിജിഡബ്ല്യു കേബിൾ ശൃംഖല സ്ഥാപിക്കാൻ കെഎസ്ഇബി പദ്ധതിയിട്ടിരുന്നു. കേരള ഫൈബർ ഒപ്റ്റിക് നെറ്റ്വർക് (കെ ഫോൺ) പദ്ധതി സർക്കാർ അവതരിപ്പിച്ചപ്പോൾ ഇതുമായി കെഎസ്ഇബി കൈ കോർക്കുകയായിരുന്നു.

അതേസമയം, പിഎസ്ഡിഎഫ് സ്കീം പ്രകാരം ലഭിക്കുന്ന പണം എൽഎസ് കേബിളിനു നൽകേണ്ടതു കെഎസ്ഇബിയാണ്. 2500 കിലോമീറ്റർ കേബിൾ സ്ഥാപിച്ചതിന് നൽകാനുള്ള 80 കോടി രൂപ ഇതുവരെ കൈമാറിയിട്ടില്ല.

## യുദ്ധം കടുപ്പിക്കാൻ പുട്ടിൻ; ബെലാറൂസിൽ ആണവായുധം വിന്യസിക്കാനൊരുങ്ങി റഷ്യ

**മോസ്കോ :** യുക്രെയ്ൻ യുദ്ധം തുടരവേ, ബെലാറൂസിൽ ആണവായുധം വിന്യസിക്കാനൊരുങ്ങി റഷ്യ. ജൂലൈയിൽ പ്രത്യേക സംഭരണകേന്ദ്രങ്ങൾ തയാറായതിനു ശേഷം തന്ത്രപ്രധാനമായ ആണവായുധങ്ങൾ വിന്യസിക്കാൻ തുടങ്ങുമെന്ന് റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുട്ടിൻ പറഞ്ഞു.

പാശ്ചാത്യശക്തികളും യുഎസും യുക്രെയ്നിലേക്ക് വ്യാപകമായി ആയുധങ്ങൾ എത്തിക്കുന്നെന്നാണ് റഷ്യയുടെ ആരോപണം. ഈ സാഹചര്യത്തിലാണ് റഷ്യ ആണവായുധങ്ങൾ രംഗത്തിറക്കുന്നത്.

സോവിയറ്റ് യൂണിയന്റെ പതനത്തിനു ശേഷം മോസ്കോയുടെ പുറത്തേക്ക് ആണവായുധങ്ങൾ മാറ്റാനുള്ള നീക്കം ആദ്യമാണ്.

യുഎസും നാറ്റോ സൈനിക സഖ്യവും യുക്രെയ്നു പിന്തുണ അറിയിച്ചപ്പോൾ തന്നെ ബെലാറൂസിലേക്ക് തന്ത്രപ്രധാനമായ ആണവായുധങ്ങൾ മാറ്റുമെന്ന് പുട്ടിൻ മുന്നറിയിപ്പ് നൽകിയിരുന്നു.

യുക്രെയ്നിൽ റഷ്യ നടത്തുന്നത് സാമ്രാജ്യത്വ രീതിയിലുള്ള അധിനിവേശമാണെന്നും അതുകൊണ്ടുതന്നെ ആക്രമണങ്ങളെ പ്രതിരോധിക്കാൻ യുക്രെയ്നെ സഹായിക്കുമെന്നും നാറ്റോ രാജ്യങ്ങൾ വ്യക്തമാക്കി.

## മെഴ്സിഡീസ് ബെൻസ് ജി ക്ലാസ് അവതരിപ്പിച്ചു

**മുംബൈ:** ജർമൻ വാഹന നിർമാതാക്കളായ മെഴ്സിഡീസ് ബെൻസ് രണ്ട് വകഭേദങ്ങളിലായി പ്രശസ്തമായ ജി ക്ലാസ് ഇന്ത്യയിൽ അവതരിപ്പിച്ചു. 2.55 കോടി രൂപ മുതലാണ് ഷോറൂം വില. ജി 400ഡി അഡ്വഞ്ചർ എഡിഷൻ, ജി 400ഡി എഎംജി എന്നിവയാണ് ഇന്ത്യൻ വിപണിയിൽ എത്തിയത്. ഒക്ടോബർ, ഡിസംബർ പാദത്തിൽ വിതരണം തുടങ്ങും. നിലവിൽ മെഴ്സിഡീസ് ഉപയോഗിക്കുന്ന ഉപയോക്താക്കൾക്ക് ബുക്കിങ്ങിൽ മുൻഗണന ലഭിക്കും





# ആശങ്കാജനകം; 52 ദിവസങ്ങൾ നീണ്ടുനിൽക്കുന്ന അതിജീവനം



**കൊല്ലം:** 52 ദിവസങ്ങൾ നീണ്ടുനിൽക്കുന്ന യന്ത്രവത്കൃത മത്സ്യബന്ധന നിരോധനം ഇന്ന് അർധരാത്രി നിലവിൽ വരും. ജൂലൈ 31 വരെയാണ് നിരോധനം. ദിവസങ്ങളോളമായി കടലിൽ കഴിയുന്ന വലിയ ബോട്ടുകളെല്ലാം മടങ്ങിയെത്തും. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകുന്നതിന് വിലക്കില്ല. നിയമാനുസൃതമായ വലകൾ മാത്രമേ മത്സ്യബന്ധനത്തിന് ഉപയോഗിക്കാൻ പാടുള്ളൂ.

തീരദേശ മേഖലയായ നീണ്ടകര, തങ്കശ്ശേരി, അഴീക്കൽ തുറമുഖങ്ങൾ ട്രോളിങ് ദിവസങ്ങളിൽ അടച്ചിടും. പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് നീണ്ടകര ഹാർബർ തുറന്നു കൊടുക്കും. മത്സ്യബന്ധന മേഖലയിൽ ജോലി ചെയ്യുന്ന അതിഥി തൊഴിലാളികളിൽ മിക്കവരും ഈ സമയത്ത് നാട്ടിലേക്ക് തിരിക്കും. ഇതര സംസ്ഥാന യാനങ്ങളും കേരളത്തിന്റെ തീരം വിടും. ഹാർബറിലും തീര പ്രദേശത്തും പൊലീസ് കാവൽ ഏർപ്പെടുത്തുകയും ചെയ്യും.

ട്രോളിങ് തുടങ്ങുന്നതോടെ ഇനിയുള്ള 2 മാസക്കാലം മത്സ്യത്തൊഴിലാളികൾക്കും കുടുംബങ്ങൾക്കു പ്രതിസന്ധിയുടെ കാലമാണ്. ഒരുപാട് ആനുകൂല്യങ്ങളും സഹായങ്ങളും പ്രഖ്യാപിക്കപ്പെടുന്നുണ്ടെങ്കിലും പലതും നടപ്പിലാകാറില്ലാത്തതും പ്രതിസന്ധിയുടെ ആഴം വർധിപ്പിക്കുന്നു.

ട്രോളിങ് നിരോധനം നിലവിൽ വരുന്നതോടെ മത്സ്യബന്ധനവുമായി ബന്ധപ്പെട്ടു നിൽക്കുന്ന അനുബന്ധ മേഖലകളും നിശ്ചലമാകും. ഐസ് പ്ലാന്റുകൾ, ഹാർബറുകളിൽ മീൻ ചുമക്കുന്നവർ, തരംതിരിക്കുന്നവർ, വലയും മറ്റു സാമഗ്രികളും വിൽക്കുന്നവർ, കച്ചവടക്കാർ തുടങ്ങിയ മിക്ക മേഖലകളും ഇതോടെ നിശ്ചലമാകും.

1988ലാണ് കേരളത്തിൽ ആഴക്കടൽ മത്സ്യബന്ധനം നിലവിൽ വരുന്നത്. മത്സ്യസമ്പത്ത് വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് മത്സ്യങ്ങളുടെ പ്രജനന കാലത്ത് ട്രോളിങ് നിരോധനം ഏർപ്പെടുത്തിയത്. എന്നാൽ 1988ൽ ജില്ലയിൽ ട്രോളിങ് നിരോധനം നടപ്പിലായിരുന്നില്ല. കയറ്റുമതി ചെമ്മീൻ ഇനമായ കരിക്കൊടി ധാരാളമായി കിട്ടുന്നതിനാലാണ് ജില്ലയെ ഒഴിവാക്കിയിരുന്നത്. എന്നാൽ ഇതിനെതിരെ വിമർശനം വരികയും വിഷയം കോടതിയിൽ എത്തുകയും ചെയ്തതോടെ 1989 മുതൽ ജില്ലയിലും നിരോധനം വന്നു.

# തെന്മലയിൽ ആയിരക്കണക്കിനു പൂമ്പാറ്റകളുടെ വിസ്മയക്കാഴ്ച... വർണച്ചിറകേറി കാനനഭംഗി



**തെന്മല:** ചിറകടിയൊച്ച കേൾപ്പിക്കാതെ തെന്മലയിലെ കാട്ടിൽ പാറിനടക്കുന്ന ആയിരക്കണക്കിനു പൂമ്പാറ്റകളുടെ വിസ്മയക്കാഴ്ച ഒന്നു കാണേണ്ടതു തന്നെയാണ്. തെന്മല ഇക്കോ ടൂറിസം പദ്ധതിയുടെ ഭാഗമായി ഒരുക്കിയിട്ടുള്ള ശലഭോദ്യാനത്തിലാണ് ചിത്രശലഭക്കാഴ്ചകൾ ഒരുക്കിയിരിക്കുന്നത്. ശലഭോദ്യാനം ആസ്വദിക്കുക മാത്രമല്ല, പശ്ചിമഘട്ട മലനിരകളിൽ ഉറങ്ങുന്ന തെന്മലയുടെ കാനനഭംഗി ആസ്വദിക്കാം, ശലഭങ്ങളെയും കാണാം.

2001ൽ മുഖ്യമന്ത്രിയായിരുന്ന ഇ.കെ. നായനാർ ഉദ്ഘാടനം ചെയ്തതാണ് തെന്മല ഇക്കോ ടൂറിസം പദ്ധതി. മേയ് മാസത്തിൽ 36 ലക്ഷം രൂപ വരുമാനമുണ്ടായെന്ന് ഈ പദ്ധതിക്ക് നേതൃത്വം നൽകുന്ന സന്തോഷ് കുമാർ പറഞ്ഞു. മൺസൂൺ ആയാൽ തിരക്ക് അൽപം കുറയുമെങ്കിലും വാരാന്ത്യങ്ങൾ ആഘോഷിക്കാൻ എത്തുന്നവർ ഏറെയാണ്.

നാലര ഏക്കറിലായാണ് ശലഭോദ്യാനം; ഇന്ത്യയിലെ ആദ്യ ശലഭോദ്യാനത്തിൽ 150ൽ അധികം ഇനം ശലഭങ്ങളുണ്ട്. സ്വാഭാവിക ചുറ്റുപാടുകൾ ഒരുക്കി ആകർഷിച്ചാണ് ചിത്രശലഭങ്ങളെ ഇവിടെ കുടിയിരുത്തിയിരുക്കുന്നത്. ഓരോ ശലഭങ്ങൾക്കും ഏറെ പ്രിയമുള്ളൊരു ചെടികാണും. അത്തരം ചെടികളും ഇവിടെ വച്ചുപിടിപ്പിച്ചിട്ടുണ്ട്. മഴക്കാടുകൾ തേടിയെത്തുന്ന ഒട്ടേറെ ദേശാടന ശലഭങ്ങൾക്കും അഭയമാണ് ഈ ഉദ്യാനം. സുവർണോക്കില ശലഭം, കരിയില ശലഭം, കറുപ്പൻ, പനയോല ശലഭം, നാൽക്കണ്ണി, മാരൻ ശലഭം, ഇരുതലച്ചി, കുഞ്ഞുവാലൻ, ചെങ്കോമാളി, ചിന്നപ്പുൽ നീലി, തവിടൻ തുടങ്ങിയവയാണ് തെന്മലയിൽ കൂടുകെട്ടിയ പ്രധാനശലഭങ്ങൾ. കൊടുംവനങ്ങളിൽ മാത്രം കാണാൻ സാധിക്കുന്ന മാനിനെയും മ്ലാവിനെയും അടുത്തു കാണാനുള്ള സൗകര്യം ഒറ്റക്കൽ മാൻ പുനരധിവാസ കേന്ദ്രത്തിലുണ്ട്. വനത്തിനുള്ളിലെ പ്രത്യേക കൂട്ടിനുള്ളിലാണ് ഇവയെ പരിപാലിച്ചിരിക്കുന്നത്. ഇക്കോ ടൂറിസം പദ്ധതിയുടെ ഭാഗമായൊരുക്കിയ അഡ്വഞ്ചർ സോണിൽ മൗണ്ടൻ ബൈക്കിങ്, റോക്ക് ക്ലൈംബിങ്, റിവർ ക്രോസിങ് തുടങ്ങിയ കൗതുകങ്ങളുണ്ട്. കാട്ടിലൂടെയുള്ള നടത്തവും അഡ്വഞ്ചർ സോണിന്റെ ഭാഗമാണ്.

ഈ പദ്ധതിയുടെ പ്രധാന ആകർഷണമാണ് ഇവിടെ ഒരുക്കിയിരിക്കുന്ന മ്യൂസിക്കൽ ഡാൻസിങ് വാട്ടർ ഫൗണ്ടൻ. മൈസൂരു വൃന്ദാവൻ ഗാർഡനിലെ സംഗീത ജലധാരയ്ക്കു സമാനമായ കാഴ്ചയാണ് വൈകുന്നേരങ്ങളിൽ ഇവിടെയുള്ളത്.

വനത്തിലെ ടെന്റുകൾ കെട്ടി അവിടെ അന്തിയുറങ്ങാം; വന്യമൃഗങ്ങളുടെ ശല്യമുണ്ടാകില്ല. ഫാമിലി ടെന്റുകളെയാണ് കൊക്കൂണുകൾ എന്നി വിളിക്കുന്നത്. കൂടാതെ, എസി, നോൺ എസി ഡോർമിറ്ററികളും ഇവിടെയുണ്ട്. കുട്ടമായി എത്തിയാലും തുച്ഛമായ നിരക്കിൽ ഇവിടെ അന്തിയുറങ്ങാം. കാനനഭംഗി ആസ്വദിച്ച് തെന്മല ഡാമിലെ റിസർവോയറിലൂടെ ബോട്ടു സവാരി നടത്താം. കുട്ടികൾക്കായുള്ള പാർക്കുമിവിടെയുണ്ട്.

## കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖല രാജ്യത്തിനു മാതൃകയെന്ന് മന്ത്രി വി. ശിവൻകുട്ടി

**തിരുവനന്തപുരം:** കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖല രാജ്യത്തിനു മാതൃകയാണെന്നും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെയും വിദ്യാകിരണം പദ്ധതിയിലൂടെയും സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ മേഖലയെ മികവിന്റെ ഉയരങ്ങളിലെത്തിച്ചതായും പൊതുവിദ്യാഭ്യാസ, മന്ത്രി വി. ശിവൻകുട്ടി. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവരുടെ മക്കളിൽ ഒന്നു മുതൽ ഏഴു വരെ ക്ലാസുകളിൽ പഠിക്കുന്നവർക്കുള്ള സൗജന്യ പഠന കിറ്റിന്റെ സംസ്ഥാനതല വിതരണോദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ സംസ്ഥാനത്തെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിൽ സമാനതകളില്ലാത്ത മാറ്റം കൊണ്ടുവരാൻ കഴിഞ്ഞതായി മന്ത്രി ചൂണ്ടിക്കാട്ടി. 3800 കോടി രൂപയാണ് അടിസ്ഥാന സൗകര്യ വികസനത്തിനായി മാറ്റിവച്ചത്. ഇത്രയും വലിയ തുക സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാൻ മാറ്റിവയ്ക്കുന്നത് ആദ്യമായാണെന്നും പൊതുവിദ്യാലയങ്ങൾ മികവിന്റെ പാതയിലായതോടെ 10.5 ലക്ഷം വിദ്യാർഥികൾ പുതുതായി ഇവിടേയ്ക്ക് എത്തിയതായും മന്ത്രി പറഞ്ഞു.

## സൈനിക ജോലികൾ നേടാൻ എസ്.സി വിഭാഗക്കാർക്ക് സൗജന്യ പരിശീലനം

**തിരുവനന്തപുരം:** സർക്കാരിന്റെ 100 ദിന കർമ്മപരിപാടികളിൽ ഉൾപ്പെടുത്തി പട്ടികജാതി വിഭാഗക്കാർക്കായി നടപ്പിലാക്കുന്ന ഉന്നതി പ്രീറിക്രൂട്ട്മെന്റ് ട്രെയിനിംഗ് പരിശീലന പദ്ധതിയിലൂടെ സൈനിക, അർദ്ധസൈനിക, പോലീസ്, എക്സൈസ്, തുടങ്ങിയ സേനാവിഭാഗങ്ങളിൽ തൊഴിൽ നേടാൻ ആഗ്രഹിക്കുന്ന യുവതീ യുവാക്കൾക്ക് രണ്ടു മാസക്കാലത്തെ റസിഡൻഷ്യൽ പരിശീലനം നൽകുന്നു. 18 നും 26 നും ഇടയിൽ പ്രായമുള്ള ആരോഗ്യവാന്മാരായ ഉദ്യോഗാർഥികൾക്കാണ് അവസരം. യോഗ്യത എസ്.എസ്.എൽ.സി വിജയിച്ചിരിക്കണം. പ്ലസ്ടുവോ ഉയർന്ന യോഗ്യതകളോ ഉള്ളവർക്ക് മുൻഗണന. പുരുഷന്മാർക്ക് കുറഞ്ഞത് 167 സെന്റീമീറ്ററും, വനിതകൾക്ക് 157 സെന്റീമീറ്ററും ഉയരം ഉണ്ടായിരിക്കണം. ഉദ്യോഗാർഥികൾക്ക് കായിക ക്ഷമതാ പരീക്ഷ, എഴുത്തു പരീക്ഷ, ഇന്റർവ്യൂ എന്നിവയിൽ വിജയിയ്ക്കുവാനുള്ള പ്രാപ്തി നേടികൊടുക്കുക എന്നതാണ് പരിശീലനത്തിലൂടെ ലക്ഷ്യമിടുന്നത്.

കോഴിക്കോട് പ്രീറിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ (പി.ആർ.ടി.സി) ലാണ് പരിശീലനം നടക്കുക. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ യോഗ്യതാ സർട്ടിഫിക്കറ്റ്, കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്, ആധാർ എന്നിവയുടെ പകർപ്പുകളും മൂന്ന് കോപ്പി പാസ്പോർട്ട് സൈസ് ഫോട്ടോയും സഹിതം ജൂൺ 17നു രാവിലെ 11 ന് തിരുവനന്തപുരം വെള്ളയമ്പലം, കനകനഗർ, അയ്യൻകാളി ഭവനിൽ സ്ഥിതിചെയ്യുന്ന ജില്ലാ പട്ടികജാതി വികസന ഓഫീസിൽ എത്തണം. കൂടുതൽ വിവരങ്ങൾക്ക്: 9447469280, 9447546617.



# താലൂക്ക് ആശുപത്രിയിൽ ഓക്സിജൻ പ്ലാന്റ് പൂർത്തീകരണത്തിലേക്ക്

**തിരുവല്ല** : താലൂക്ക് ആശുപത്രിയിലെ ഓക്സിജൻ പ്ലാന്റ് യാഥാർഥ്യമാകുന്നു. നിർമാണം പൂർത്തിയായി കിടക്കുന്ന പ്ലാന്റിന് ജനറേറ്റർ വാങ്ങുന്നതിന് മാത്യു ടി.തോമസ് എംഎൽഎയുടെ ഫണ്ടിൽ നിന്ന് 36.68 ലക്ഷം രൂപയും പ്ലാന്റിൽ നിന്ന് ഐപി ബ്ലോക്കിലെ നാലാം നിലയിലേക്ക് ഓക്സിജൻ എത്തിക്കുന്ന പൈപ്പ് ഇടുന്നതിന് 3.15 ലക്ഷം രൂപയുമാണ് അനുവദിച്ചത്. ജനറേറ്റർ അടുത്തയാഴ്ചയോടെ എത്തും. പൈപ്പ് സ്ഥാപിക്കുകയും ചെയ്താൽ മാസങ്ങൾ നീണ്ട കാത്തിരിപ്പിനുശേഷം ആശുപത്രിയിലെ ഓക്സിജൻ പ്ലാന്റ് യാഥാർഥ്യമാകും. 2 വർഷം മുൻപാണ് ഓക്സിജൻ പ്ലാന്റ് നിർമിക്കാൻ സർക്കാർ അനുമതി നൽകിയത്. പ്ലാന്റിനു കണ്ടെത്തിയ സ്ഥലത്തു നിന്ന മരം മുറിച്ചു മാറ്റുന്നതിനു കാലതാമസം വന്നതോടെ 6 മാസത്തോളം ഒന്നും ചെയ്യാതെ കിടന്നു. പിന്നീട് പുതിയ സൂപ്രണ്ട് വന്നതിനുശേഷമാണ് കെട്ടിടം നിർമിച്ചത്.

1.25 കോടി രൂപയുടെ ഉപകരണങ്ങളും സ്ഥാപിച്ചെങ്കിലും ജനറേറ്റർ ഇല്ലാതെ പ്രവർത്തനം തുടങ്ങാൻ കഴിയാത്ത അവസ്ഥയായിരുന്നു. ഓക്സിജൻ പ്ലാന്റ് മുഴുവൻ സമയവും ജനറേറ്ററിലാണ് പ്രവർത്തിക്കുന്നത്. എംഎൽഎ ഫണ്ട് അനുവദിച്ചതോടെ പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം ടെൻഡർ നടപടി പൂർത്തിയാക്കി സ്ഥാപിക്കും. മൊത്തം 1.65 കോടി രൂപയാണ് പ്ലാന്റിനു വരുന്ന ചെലവ്. ഒരു മിനിറ്റിൽ 500 ലീറ്റർ ഓക്സിജൻ ഉത്പാദിപ്പിക്കാൻ കഴിയുന്നതാണ്. ആശുപത്രിയിൽ ഇപ്പോൾ ശരാശരി 40 ലീറ്റർ ഓക്സിജനാണ് വേണ്ടിവരുന്നത്. മാസം ഒന്നര മുതൽ 2 ലക്ഷം രൂപ വരെ ഓക്സിജൻ വാങ്ങുന്നതിന് വേണ്ടിവരുന്നുണ്ട്.

## ഗുരുവായൂർ റെയിൽവേ മേൽപ്പാലം: സൂപ്പർസ്ട്രക്ച്ചറിന് അന്തിമ അംഗീകാരം ലഭ്യമാക്കാൻ ഉന്നതതല യോഗം ചേരും

**ഗുരുവായൂർ:** റെയിൽവേ മേൽപ്പാല നിർമ്മാണവുമായി ബന്ധപ്പെട്ട് സൂപ്പർസ്ട്രക്ച്ചറിന് അന്തിമ അംഗീകാരം ലഭ്യമാക്കുന്നതിന് ഉന്നത തലത്തിൽ യോഗം ചേരും. റെയിൽവേ മേൽപ്പാല നിർമ്മാണവുമായി ബന്ധപ്പെട്ട് എൻ കെ



അക്ബർ എംഎൽഎയുടെ അധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിലാണ് തീരുമാനം.

സൂപ്പർസ്ട്രക്ച്ചറിന് അന്തിമ അംഗീകാരം ലഭിക്കാത്തതിനാൽ രണ്ട് മാസമായി മേൽപ്പാല നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് തടസ്സം നേരിടുകയാണെന്നും എംഎൽഎ ചൂണ്ടികാട്ടി. റെയിൽവേയുടെ ടെക്നിക്കൽ വിഭാഗമായ ആർഡിഎസ്ഒ സൂപ്പർസ്ട്രക്ച്ചറിന് പ്രാഥമിക അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ റെയിൽവേ ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് പരിശോധന നടത്തി അന്തിമ അംഗീകാരം നൽകേണ്ടതുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട് നിരവധി തവണ റെയിൽവേയുടെ ഉദ്യോഗസ്ഥർക്ക് അപേക്ഷ നൽകിയിട്ടുണ്ടെന്നും എംഎൽഎ പറഞ്ഞു. റെയിൽവേയുടെ ഭാഗത്ത് നിന്നുള്ള കാലതാമസം റെയിൽവേ മേൽപ്പാല നിർമ്മാണത്തെ ബാധിക്കുന്നുണ്ടെന്നും എംഎൽഎ യോഗത്തെ അറിയിച്ചു.

റെയിൽവേ മേൽപ്പാല നിർമ്മാണ ഏജൻസിയായ ആർബിഡിസികെയുടെ സർവ്വീസ് റോഡ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളെല്ലാം സമയബന്ധിതമായി പൂർത്തീകരിച്ചതായി യോഗം വിലയിരുത്തി. റെയിൽവേ വകുപ്പ് ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുക്കാത്തതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരാതി നൽകാനും യോഗം തീരുമാനിച്ചു. തിരുവെങ്കിടം അടിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമിയുടെ വില നിശ്ചയിച്ച് രണ്ട് ദിവസത്തിനകം തീരുമാനം അറിയിക്കുമെന്ന് റവന്യൂ വകുപ്പ് അധികൃതർ യോഗത്തെ അറിയിച്ചു.

ഗുരുവായൂർ നഗരസഭാ കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ നഗരസഭാ സെക്രട്ടറി ബീന എസ് കുമാർ, നഗരസഭ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ ഇ ലീല, ടെമ്പിൾ പോലീസ് സ്റ്റേഷൻ സിഐ പ്രേമാനന്ദൻ തുടങ്ങിയവർ പങ്കെടുത്തു.

# പുത്തൂർ പാർക്ക്; വിദേശത്തു നിന്ന് മൃഗങ്ങളെ എത്തിക്കാൻ ആലോചന: മന്ത്രി

**തൃശൂർ:** പുത്തൂർ സുവോളജിക്കൽ പാർക്കിലേക്ക് ഇന്ത്യയ്ക്കു പുറത്തു നിന്നു മൃഗങ്ങളെ എത്തിക്കുന്ന കാര്യവും ആലോചനയിലുണ്ടെന്നു മന്ത്രി എ.കെ. ശശീന്ദ്രൻ. മന്ത്രി കെ. രാജനൊപ്പം പാർക്കിലെത്തി നിർമാണ പ്രവൃത്തികൾ വിലയിരുത്തിയ ശേഷമാണു മന്ത്രിയുടെ പ്രതികരണം. ഇക്കാര്യത്തിൽ സൂ അതോറിറ്റി ഓഫ് ഇന്ത്യയുമായി ബന്ധപ്പെട്ടു ചർച്ചകൾ നടത്തുന്നുണ്ട്. പാർക്കിന്റെ നിർമാണം പൂർത്തിയാകുന്നതോടെ പുത്തൂരിനെ ടൂറിസം വില്ലേജാക്കി ഉയർത്തും. പഞ്ചായത്തിനും തദ്ദേശീയർക്കും വരുമാനം ലഭിക്കുന്ന വിധത്തിൽ പദ്ധതികൾ നടപ്പാക്കും. പുത്തൂരിലെ വ്യാപാര സ്ഥാപനങ്ങളടക്കം ഒരേ മാതൃകയിൽ പുനർനിർമിക്കും.



ജൂലൈയിൽ കൂടുതൽ മൃഗങ്ങളെയും പക്ഷികളെയും പാർക്കിലെത്തിക്കും. 2024ൽ പാർക്ക് ജനങ്ങൾക്കായി തുറന്നു കൊടുക്കും. മൂന്നാം ഘട്ട നിർമാണം ആരംഭിച്ചു കഴിഞ്ഞു. സുവോളജിക്കൽ പാർക്കും പുത്തൂർ കായൽ ടൂറിസം കേന്ദ്രവും മരോട്ടിച്ചാൽ വെള്ളിച്ചാട്ടവും പീച്ചി,ചിമ്മിനി ഡാമുകളും ചേർത്തു ടൂറിസം വില്ലേജ് എന്ന ആശയം നടപ്പാക്കുമെന്നു മന്ത്രി കെ. രാജൻ പറഞ്ഞു.

പാർക്കിലേക്കുള്ള റോഡ് വികസനത്തിനു ഭൂമി ഏറ്റെടുക്കൽ അന്തിമ ഘട്ടത്തിലാണ്. ഭൂമി വിട്ടു നൽകിയവർക്കു ജൂലൈയിൽ പണം അനുവദിക്കും. എലവേറ്റഡ് വാക്ക്‌വേയുടെ നിർമാണം അന്തിമ ഘട്ടത്തിലാണ്. പാർക്കിനുള്ളിൽ സന്ദർശകർക്കു യാത്ര ചെയ്യാൻ ട്രാം ട്രെയിൻ സ്ഥാപിക്കാൻ ടെൻഡർ നടപടി ഉടൻ തുടങ്ങും. സ്പെഷൽ ഓഫിസർ കെ.കെ. വർഗീസ്, ഡയറക്ടർ ആർ. കീർത്തി, പുത്തൂർ പഞ്ചായത്ത് പ്രസിഡന്റ് മിനി ഉണ്ണിക്കൃഷ്ണൻ, സിസിഎഫ് കെ.ആർ. അനൂപ് തുടങ്ങിയവർ സന്നിഹിതരായി.

അരിക്കൊമ്പന് ഇപ്പോഴത്തെ ഗതി വന്നതു മൃഗസ്നേഹികളുടെയും സംഘടനകളുടെയും അതിരുവിട്ട ഉത്സാഹം മൂലമെന്നു മന്ത്രി എ.കെ.ശശീന്ദ്രൻ. അരിക്കൊമ്പനെ സംരക്ഷിക്കുകയായിരുന്നു സർക്കാരിന്റെ ലക്ഷ്യം.

അതിനായി ശ്രമിക്കുന്നതിനിടെ മൃഗസ്നേഹികൾ കോടതിയെ സമീപിച്ചു. പിന്നാലെ കർഷകരുടെ സംഘടനകളും കോടതിയിലെത്തി. ഇടപെടലുകൾ പരിധിവിട്ടതോടെയാണ് അരിക്കൊമ്പനെ മറ്റൊരു കാട്ടിലേക്കു മാറ്റേണ്ടിവന്നതെന്നും മന്ത്രി പറഞ്ഞു.

# സമഗ്ര തീരശുചീകരണ പദ്ധതിയും സമുദ്രമാലിന്യ സർവേയും സമാരംഭിച്ചു

**അഴീക്കോട് :** കേരള സർക്കാർ ഫിഷറീസ് വകുപ്പിന്റെയും കേരള സർവ്വകലാശാലയിലെ അക്വാട്ടിക് ബയോളജി ആൻഡ് ഫിഷറീസ് വിഭാഗത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ 2023 ജൂൺ 8ന് ലോക സമുദ്ര ദിനത്തിൽ സമഗ്ര തീരശുചീകരണ പദ്ധതിയും സമുദ്രമാലിന്യ സർവേയും സമാരംഭിച്ചു .



പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം 2023 ജൂൺ 8 ന് രാവിലെ 8 മണിക്ക് കാസർഗോഡ് മടക്കര ബീച്ചിൽ മന്ത്രി സജി ചെറിയാൻ നിർവഹിച്ചു .

തൃശ്ശൂർ ജില്ലാതല ഉദ്ഘാടനം അഴീക്കോട് മുനയ്ക്കൽ ബീച്ചിൽ കൈപ്പമംഗലം എംഎൽഎ ശ്രീ ഇ.ടി ടൈസൺ മാസ്റ്റർ നിർവഹിച്ചു . കേരള സർവകലാശാല അക്വാട്ടിക് ബയോളജി വിഭാഗം പ്രൊഫസർ കുര്യൻ മാത്യു, അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ ലീന തോമസ്, ഡോ.അമിതാബ് ബച്ചൻ ഡോ.സയന,ഡോ. ദീപ, ഡോ.രേവതി എന്നിവർ നേതൃത്വം നൽകി.

പടിഞ്ഞാറ് വെമ്പല്ലൂർ എംഇഎസ് അസ്മാബി കോളേജ്,കാലടി ശ്രീശങ്കര കോളേജ് എന്നിവിടങ്ങളിലെ വിദ്യാർത്ഥികളും അധ്യാപകരും സർവ്വേയിൽ പങ്കാളികളായി. വിവിധ കോളേജുകളുടെയും പൗരശാസ്ത്രജ്ഞരുടെയും സഹകരണത്തോടെയാണ് കേരളത്തിലെ ഒമ്പത് തീരദേശ ജില്ലകളിൽ പരിപാടി സംഘടിക്കപ്പെട്ടത്.സർവ്വകലാശാല യൂറോപ്യൻ യൂണിയന്റെ ഇറാസ്മസ് + പദ്ധതിയുടെ ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്.യു. എസ്. നാഷണൽ ഓഷ്യാനിക് ആൻഡ് അറ്റ്മോസ്ഫെറിക് അഡ്മിനിസ്ട്രേഷന്റെ അന്താരാഷ്ട്ര മാർഗനിർദ്ദേശക രേഖകൾ അനുസരിച്ചാവും സമുദ്ര മാലിന്യ സർവേ നടപ്പിലാക്കുന്നത്.

ശാസ്ത്രജ്ഞർക്കൊപ്പം തീരപ്രദേശത്ത് കാണപ്പെടുന്ന സമുദ്ര അവശിഷ്ടങ്ങൾ ശേഖരിക്കുന്നതിനും രേഖപ്പെടുത്തുന്നതിനും ആവശ്യമായ ഉപകരണങ്ങളും പരിശീലന പരിപാടികളും നടപ്പിലാക്കിയിട്ടുണ്ട്.

സമുദ്ര അവശിഷ്ടങ്ങളുടെ തരത്തെക്കുറിച്ചും അവയുടെ ഉറവിടങ്ങളെക്കുറിച്ചും സാധ്യതയുള്ള ലഘൂകരണ തന്ത്രങ്ങളെക്കുറിച്ചും വിലപ്പെട്ട ഉൾക്കാഴ്ചകൾ പദ്ധതി വഴി ലഭ്യമാകുമെന്ന് സംഘാടകർ പ്രതീക്ഷിക്കുന്നു. കൃത്യമായ ഡാറ്റ സൃഷ്ടിക്കുന്നതിലൂടെ, നയ മാറ്റങ്ങൾക്ക് വേണ്ടി വാദിക്കാനും പൊതുജനങ്ങളെ ബോധവൽക്കരിക്കാനും പ്ലാസ്റ്റിക് ഉപഭോഗം കുറയ്ക്കാനും കൂടുതൽ പരിസ്ഥിതി സൗഹൃദ രീതികൾ സ്വീകരിക്കാനും വ്യക്തികളെ പ്രചോദിപ്പിക്കാനും കഴിയും. പരിസ്ഥിതി സംരക്ഷണത്തിൽ അഭിനിവേശമുള്ള വ്യക്തികളെയും കമ്മ്യൂണിറ്റി ഗ്രൂപ്പുകളെയും സംഘടനകളെയും കൈകോർക്കാനും ബീച്ച് ശുചീകരണത്തിൽ സജീവമായി പങ്കെടുക്കാനും കേരള സർവകലാശാല ക്ഷണിക്കുന്നു. സമുദ്രങ്ങളെ സംരക്ഷിക്കുന്നതിലും സമുദ്ര ആവാസവ്യവസ്ഥയുടെ ആരോഗ്യം സംരക്ഷിക്കുന്നതിലും കാര്യമായ മാറ്റം വരുത്താനാകും എന്ന് കോ ഓഡിനേറ്റർ അറിയിച്ചു.

# വിഴിഞ്ഞം ലൈറ്റ് ഹൗസിന് വരുമാനം 3 ലക്ഷം

**കോവളം:** സന്ദർശക ടിക്കറ്റ് ഇനത്തിൽ വിഴിഞ്ഞം ലൈറ്റ് ഹൗസിന് കഴിഞ്ഞ മാസം ലഭിച്ചത് 3 ലക്ഷത്തിൽപരം രൂപയുടെ വരുമാനം. സമീപ ജില്ലകളിലെ ലൈറ്റ് ഹൗസുകളിലെ ടിക്കറ്റ് കലക്ഷൻ തുകകളെ അപേക്ഷിച്ച് ഇതു വലിയ വർധനവാണെന്നു ബന്ധപ്പെട്ടവർ പറഞ്ഞു. രണ്ടു വർഷത്തെ അപേക്ഷിച്ച് കോവളത്തേക്ക് കഴിഞ്ഞ ടൂറിസം സീസണിൽ എത്തിയ വിദേശികളുൾപ്പെടെ സഞ്ചാരികളിലും വലിയ വർധനവായിരുന്നു.

കോവളം തീരത്ത് എത്തിയ സഞ്ചാരികളിൽ മിക്കവരും വിഴിഞ്ഞം ലൈറ്റ് ഹൗസും സന്ദർശിച്ചാണ് മടങ്ങിയത്. മധ്യവേനൽ അവധിക്കാലത്ത് സന്ദർശകരുടെ വലിയ തിരക്കായിരുന്നു ഇവിടെ. ലോകത്തെ തിരഞ്ഞെടുക്കപ്പെട്ട സുന്ദര ലൈറ്റ് ഹൗസുകളിൽ വിഴിഞ്ഞം ലൈറ്റ് ഹൗസും ഉൾപ്പെട്ടിട്ടുണ്ട്. പടിക്കെട്ടുകൾക്കൊപ്പം ഇതു കയറാൻ ബുദ്ധിമുട്ടുള്ളവർക്ക് ലിഫ്റ്റ് സൗകര്യവും ഉള്ളതും വിഴിഞ്ഞം ലൈറ്റ് ഹൗസ് പ്രത്യേകത. തിങ്കൾ ഒഴിച്ചുള്ള ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 5 വരെയാണ് പ്രവേശന സമയം.

# വിമാനത്താവളം സ്ഥലമേറ്റെടുപ്പ്: യോഗം 11ന്

**എരുമേലി:** നിർദിഷ്ട ശബരിമല വിമാനത്താവളത്തിനുള്ള സ്ഥലമേറ്റെടുപ്പിനെപ്പറ്റി പ്രദേശവാസികളുടെ ആശങ്ക പരിഹരിക്കാൻ യോഗം ചേരും. സെബാസ്റ്റ്യൻ കുളത്തുങ്കൽ എംഎൽഎയുടെ നേതൃത്വത്തിൽ 11ന് ഉച്ചയ്ക്ക് 12നു ചെമ്പകത്തുങ്കൽ സ്റ്റേഡിയം ഹാളിലാണു യോഗം.വിമാനത്താവള നിർമാണത്തിനായി എസ്റ്റേറ്റിനു പുറത്ത് 307 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനെതിരെ ചിലർ കോടതിയെ സമീപിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ജനകീയ അഭിപ്രായം കൂടി കേൾക്കുന്നതിനു യോഗം വിളിച്ചത്. നിർദിഷ്ട വിമാനത്താവളത്തിന്റെ ഘടനയും രൂപരേഖയും ജനങ്ങളെ അറിയിക്കുമെന്നും ആവശ്യമായ ഭൂമി മാത്രമേ ഏറ്റെടുക്കുകയുള്ളുവെന്ന് ഉറപ്പുവരുത്തുമെന്നും എംഎൽഎ അറിയിച്ചു.

സ്ഥലമേറ്റെടുപ്പ് ബാധിക്കുന്ന 300 കുടുംബങ്ങളെ കേൾക്കുന്നതിനു വേണ്ടി 12ന് എരുമേലി റോട്ടറി ഹാളിലും 13നു മുക്കട കമ്യൂണിറ്റി ഹാളിലും പബ്ലിക് ഹിയറിങ് നടത്തും. ജനങ്ങളുടെ ഭാഗംകൂടി കേട്ടതിനു ശേഷമാകും സാമൂഹികാഘാത പഠനത്തിന്റെ അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നത്. ഈ റിപ്പോർട്ട് പൂർണമല്ലെന്നും നടപടികൾ സുതാര്യമല്ലെന്നും സ്ഥലം നഷ്ടപ്പെടുന്നവർക്ക് ആക്ഷേപമുണ്ട്

# കെ. എസ്. ടി. പി റോഡുകളുടെ നിർമാണം വേഗത്തിലാക്കാൻ മന്ത്രിയുടെ നിർദേശം

**തൃശൂർ:** കൊടുങ്ങല്ലൂർ തൃശൂർ കുറ്റിപ്പുറം റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കരാറുകാർ സമർപ്പിച്ച ഷെഡ്യൂൾ പുതുക്കി സമർപ്പിക്കാൻ റവന്യൂ, ഭവനനിർമ്മാണ വകുപ്പ് മന്ത്രി കെ രാജൻ നിർദ്ദേശിച്ചു. കലക്ടറേറ്റിൽ നടന്ന കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രൊജക്ടിൽ (കെ.എസ്.ടി.പി.) ജില്ലയിൽ നിർമ്മിക്കുന്ന റോഡുകളുടെ നിർമ്മാണ പുരോഗതി അവലോകന യോഗത്തിലാണ് മന്ത്രിയുടെ നിർദേശം.

പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് നിലവിൽ കരാറുകാർ സമർപ്പിച്ച സമയക്രമം അംഗീകരിക്കാനാവില്ലെന്നും കുറഞ്ഞ സമയത്തിനുള്ളിൽ പ്രവൃത്തികൾ പൂർത്തിയാക്കുന്ന രീതിയിൽ പുതിയ ഷെഡ്യൂൾ ജില്ലാ കലക്ടർക്ക് സമർപ്പിക്കണമെന്നും മന്ത്രി അറിയിച്ചു. നിലവിൽ സമർപ്പിച്ചിരിക്കുന്ന ഷെഡ്യൂളിലെ സമയക്രമം ഒരു കാരണവശാലും അനുവദിക്കാനാവില്ല. കെഎസ്ടിപി റോഡ് പ്രവൃത്തികൾ നടക്കുന്ന പ്രദേശങ്ങൾ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളും വീടുകളുമുള്ള സ്ഥലങ്ങളായതിനാൽ കുറഞ്ഞ സമയത്തിനുള്ളിൽ റോഡ് നിർമ്മാണം പൂർത്തീകരിക്കേണ്ടത് അത്യാവശ്യമാണ്. നിർമാണ പ്രവൃത്തികൾ വേഗത്തിലാക്കുന്നതിന് ആവശ്യമായ ഗതാഗത ക്രമീകരണത്തെക്കുറിച്ച് ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുമായി ചർച്ചചെയ്ത് തീരുമാനമെടുക്കണം.

നിർമാണ പ്രവൃത്തികൾ വേഗത്തിലാക്കുന്നതിന് മറ്റു സർക്കാർ വകുപ്പുകളുടെ സേവനം ആവശ്യമായി വരുന്നുണ്ടെങ്കിൽ അക്കാര്യം രേഖാമൂലം ജില്ലാ കലക്ടറെ അറിയിക്കണം. ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യേണ്ടതുണ്ടെങ്കിൽ കലക്ടറുടെ അധ്യക്ഷതയിൽ എത്രയും പെട്ടെന്ന് യോഗം ചേരണം. എല്ലാ ആഴ്ചയും കളക്ടറുടെ അധ്യക്ഷതയിൽ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനും മന്ത്രി നിർദ്ദേശം നൽകി. റോഡ് നിർമ്മാണം നടക്കുന്ന പ്രദേശത്ത് ഏതെങ്കിലും രീതിയിലുള്ള അത്യാഹിതങ്ങളുണ്ടായാൽ ദുരന്തനിവാരണ ആക്ട് പ്രകാരം കേസെടുക്കുമെന്ന് കരാറുകാർക്കും കെഎസ്ടിപി ഉദ്യോഗസ്ഥർക്കും മന്ത്രി മുന്നറിയിപ്പ് നൽകി. പുതുക്കി സമർപ്പിക്കുന്ന ഷെഡ്യൂളിലെ സമയക്രമം പാലിച്ച് റോഡ് നിർമ്മാണം പൂർത്തീകരിക്കാതെ വന്നാൽ കരാർ റദ്ദാക്കുകയും ബന്ധപ്പെട്ടവർക്കെതിരേ നിയമ നടപടി സ്വീകരിക്കുകയും ചെയ്യുമെന്നും മന്ത്രി വ്യക്തമാക്കി. യോഗത്തിൽ സേവ്യർ ചിറ്റിലപ്പിള്ളി എംഎൽഎ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി കെ ഡേവീസ് മാസ്റ്റർ, എഡിഎം ടി മുരളി, പ്രോജക്ട് ഡയറക്ടർ പ്രേം കൃഷ്ണൻ, കെഎസ്ടിപി ചീഫ് എഞ്ചിനീയർ കെ എഫ് ലിസി, പോലീസ് അസിസ്റ്റന്റ് കമ്മീഷണർ ടി എസ് സിനോജ്, കെ കെ സജിവ്, കെഎസ്ടിപി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# അരുവിക്കുഴി ടൂറിസം കേന്ദ്രം പുറമ്പോക്ക് ഭൂമി കണ്ടെത്താൻനടപടി തുടങ്ങി



**പള്ളിക്കത്തോട് :** അരുവിക്കുഴി ടൂറിസം കേന്ദ്രത്തിലെ പുറമ്പോക്ക് ഭൂമി കണ്ടെത്താൻ റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ നടപടി ആരംഭിച്ചു. ഇതു സംബന്ധിച്ചു പഞ്ചായത്ത് ഒരു വർഷം മുൻപ് റവന്യു വകുപ്പിനു കത്ത് നൽകിയിരുന്നു. ടൂറിസം കേന്ദ്രത്തിൽ ആവശ്യത്തിനു ഭൂമി ഇല്ലാത്തതിനാൽ തുടർ വികസന പ്രവർത്തനങ്ങൾക്കു ബുദ്ധിമുട്ടു നേരിട്ടിരുന്നു. ഈ സാഹചര്യത്തിലാണ് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാന പ്രകാരം പുറമ്പോക്ക് ഭൂമി കണ്ടെത്തി നൽകാൻ നേരത്തെ കത്ത് നൽകിയത്.

കഴിഞ്ഞ ദിവസം താലൂക്ക് സർവേയറുടെ നേതൃത്വത്തിൽ ഇവിടെ പുറമ്പോക്ക് ഭൂമി അളക്കുന്ന പ്രവർത്തനങ്ങൾ നടത്തി. 10 പേർക്കു ഇതു സംബന്ധിച്ചു നോട്ടിസ് നൽകിയിരുന്നു. വെള്ളച്ചാട്ടത്തിന്റെ ഒരു വശത്തെ അളവ് പൂർത്തിയായപ്പോൾ ഇവിടെ പുറമ്പോക്ക് ഭൂമി ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. മറു വശത്തെ പുറമ്പോക്ക് അളവ് അടുത്ത ആഴ്ച നടത്തും. തുടർന്നു പുറമ്പോക്ക് അളന്നു തിരിച്ചു റിപ്പോർട്ട് സമർപ്പിക്കും.

പുറമ്പോക്ക് ഭൂമി അളന്നു തിരിച്ചു കിട്ടിയാൽ ടൂറിസം കേന്ദ്രത്തിനു ഒട്ടേറെ വികസന സാധ്യതകളുണ്ട്. പി.ടി.ഉഷ എംപി പള്ളിക്കത്തോട് പഞ്ചായത്തിനെ കേന്ദ്രസർക്കാരിന്റെ സൻസദ് ഗ്രാമത്തിൽ ഉൾപ്പെടുത്തിയിരുന്നു. ടൂറിസം വികസനത്തിനു ഉൾപ്പെടെ ഈ പദ്ധതിയിൽ ഫണ്ട് ഉണ്ട്. പഞ്ചായത്തിന്റെ വികസന ചർച്ചകൾക്കായി പി.ടി.ഉഷ എംപി ഈ മാസം അവസാനം പള്ളിക്കത്തോട്ടിൽ എത്തുന്നുണ്ട്. അരുവിക്കുഴിയിൽ കൂടുതൽ സ്ഥലം ലഭ്യമായാൽ പഞ്ചായത്തിന്റെ മികച്ച പദ്ധതി സമർപ്പിക്കാൻ സാധിക്കും. ആന്റോ ആന്റണി എംപിയും അരുവിക്കുഴിയുടെ വികസനത്തിനായി 15 ലക്ഷം രൂപ അനുവദിക്കാമെന്നു നേരത്തെ അറിയിച്ചിരുന്നു. 20 സെന്റ് സ്ഥലം പഞ്ചായത്ത് നൽകിയാൽ പദ്ധതിക്കായി തുക അനുവദിക്കാമെന്നാണ് എംപി അറിയിച്ചിരുന്നത്. കൂടുതൽ സ്ഥലം ലഭ്യമായാൽ അരുവിക്കുഴിയെ മികച്ച കേന്ദ്രമാക്കി മാറ്റാൻ സാധിക്കും.

പദ്ധതി പ്രഖ്യാപന വേളയിൽ ഉണ്ടായിരുന്ന കുട്ടികളുടെ പാർക്ക് ഇതു വരെ നിർമിക്കാൻ സാധിച്ചിട്ടില്ല.ഇതു സാധിച്ചാൽ വേനലിൽ വെള്ളം കുറവുള്ളപ്പോഴും ഇവിടേക്കു കൂടുതൽ ആളുകളെ ആകർഷിക്കാൻ സാധിക്കും. മൺസൂൺ ടൂറിസത്തിനു ഏറ്റവും പ്രാധാന്യമുള്ള കേന്ദ്രം കൂടിയാണിവിടം.

# കടലാക്രമണ ഭീഷണി: കരിങ്കൽ ഭിത്തി അടിയന്തിരമായി നിർമ്മിക്കും



**തൃശൂർ:** കടപ്പുറം പഞ്ചായത്തിലെ കടലാക്രമണ ഭീഷണി രൂക്ഷമായി നേരിടുന്ന അഞ്ചങ്ങാടി വളവ് മുതൽ 65 മീറ്റർ സ്ഥലത്ത് 40 ലക്ഷം രൂപ ചെലവിൽ കരിങ്കൽ ഭിത്തി അടിയന്തിരമായി നിർമ്മിക്കും. എൻ കെ അക്ബർ എംഎൽഎയുടെ അധ്യക്ഷതയിൽ വിളിച്ച് ചേർത്ത യോഗത്തിലാണ് തീരുമാനം. മൂന്ന് ദിവസത്തിനകം ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പത്ത് ദിവസത്തിനുള്ളിൽ അടിയന്തിരമായി നിർമ്മാണം നടത്തുമെന്നും എംഎൽഎ പറഞ്ഞു. ഇത് സംബന്ധിച്ച് ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ, ചീഫ് എഞ്ചിനീയർ എന്നിവരുമായി തിരുവനന്തപുരത്ത് ചർച്ച നടത്തിയതായും എംഎൽഎ യോഗത്തെ അറിയിച്ചു. കരിങ്കൽ ഭിത്തി നിർമ്മിക്കുന്നതിന് സ്ഥലം സന്ദർശിച്ച് എസ്റ്റിമേറ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ തയ്യാറാക്കിയതായും എംഎൽഎ പറഞ്ഞു. കടൽ ഭിത്തി നിർമ്മിക്കുന്നതിനാവശ്യമായ കരിങ്കൽ ലഭ്യമാക്കാൻ വേണ്ട നടപടി ഉടൻ സ്വീകരിക്കാൻ ജില്ലാ കലക്ടറോട് ആവശ്യപ്പെട്ടു.

കടൽക്ഷോഭ സമയത്ത് പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം രൂക്ഷമായി നേരിടുന്ന സ്ഥലങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിന് വേണ്ട സൗകര്യമൊരുക്കാൻ വേണ്ട നടപടി സ്വീകരിക്കാൻ കലക്ടറോട് ആവശ്യപ്പെടാനും യോഗത്തിൽ തീരുമാനമായി. കൂടാതെ രൂക്ഷമായ കുടിവെള്ള പ്രശ്നം നേരിടുന്ന കടപ്പുറം പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ വാട്ടർ അതോറിറ്റിയുടെയും പിഡബ്ല്യുഡി വകുപ്പിന്റെയും നേതൃത്വത്തിൽ സംയുക്ത പരിശോധന നടത്താനും തീരുമാനിച്ചു.

കടപ്പുറം പഞ്ചായത്തിലെ കടലാക്രമണ ഭീഷണി തടയുന്നതിന് 10 ലക്ഷം രൂപയുടെ ജിയോ ബാഗ് പദ്ധതിയാണ് മുന്നോട്ടു വച്ചിരുന്നത്. ശാശ്വത പരിഹാരം ഇതിലൂടെ കാണാൻ കഴിയില്ല എന്നതിനാൽ കരിങ്കൽ ഭിത്തി അടിയന്തരമായി നിർമ്മിക്കാൻ തീരുമാനത്തിലെത്തുകയായിരുന്നു. കടലാക്രമണം തടയുന്നതിന് തയ്യാറാക്കിയ 60 കോടി രൂപയുടെ ദീർഘ പദ്ധതി സർക്കാരിന്റെ പരിഗണനയിലാണെന്നും എംഎൽഎ പറഞ്ഞു.

പിഡബ്ല്യുഡി ഗസ്റ്റ് ഹൗസിൽ ചേർന്ന യോഗത്തിൽ ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ അഷിത, കടപ്പുറം പഞ്ചായത്ത് പ്രസിഡന്റ് ഹസീന താജുദ്ദീൻ, ഇറിഗേഷൻ എക്സിക്യൂട്ടീവ് എൻജിനീയർ മോഹനൻ, പിഡബ്ല്യുഡി എക്സിക്യൂട്ടീവ് എൻജിനീയർ ഹരീഷ്, ഇറിഗേഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ സരിൻ, പിഡബ്ല്യുഡി അസി.എക്സി.എൻജിനീയർ മാലിനി, പഞ്ചായത്തംഗങ്ങൾ മെമ്പർമാർ, ജനപ്രതിനിധികൾ, വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# പുതിയ എഫ്പോഡുകൾ വിപണിയിലവതരിപ്പിച്ച് ഫാസ്റ്റ്ട്രാക്ക് സ്മാർട്ട്

**കൊച്ചി:** ഫാസ്റ്റ്ട്രാക്ക് സ്മാർട്ട് ഏറ്റവും പുതിയ ട്രൂലി വയർലെസ് ബഡുകളായ എഫ്പോഡുകൾ വിപണിയിലവതരിപ്പിച്ചു. എഫ്എസ്100, എഫ്എക്സ്100, എഫ്സെഡ്100 ഏന്നീ മൂന്നു വേരിയൻറുകളിലായാണ് എഫ്പോഡുകൾ ലഭ്യമാക്കുന്നത്. ഏറ്റവും പുതിയ ബ്ലൂടൂത്ത് വി5.3 സാങ്കേതികവിദ്യ, എക്സ്ട്രാ ഡീപ് ബാസ്, 40എംഎസ് വരെയുള്ള ഏറ്റവും കുറഞ്ഞ ലേറ്റൻസി തുടങ്ങിയവയുമായി അതുല്യമായ ശബ്ദാനുഭവമാണ് ഇന്ത്യൻ ഉപഭോക്താക്കൾക്കായി രൂപകൽപന ചെയ്ത ഈ ഇയർബഡുകൾ നൽകുന്നതെന്ന് ടൈറ്റൻ കമ്പനി സ്മാർട്ട് വിയറബിൾസ് സിഇഒ രവി കുപ്പുരാജ് പറഞ്ഞു.50 മണിക്കൂർ വരെ ബാറ്ററി ലൈഫുമായി തടസങ്ങളില്ലാത്ത അധിക പ്ലേ സമയമാണ് എഫ്പോഡുകൾ നൽകുന്നത്. റീചാർജു ചെയ്യുമ്പോൾ ഇതിലെ നൈട്രോഫാസ്റ്റ് ചാർജ് സാങ്കേതികവിദ്യ വേഗത്തിലുള്ള ചാർജിംഗ് ഉറപ്പാക്കും. ടൈപ് സി പവർ കേബിൾ ഉപയോഗിച്ചുള്ള പത്തു മിനിറ്റ് ചാർജു വഴി 200 മിനിറ്റു വരെ പ്ലേ സമയം ഉറപ്പാക്കാം. ചെവികൾക്ക് അനുയോജ്യമായ രീതിയിലാണ് ഫാസ്റ്റ്ട്രാക്ക് എഫ്പോഡുകൾ രൂപകൽപന ചെയ്തിട്ടുള്ളത്. എല്ലാ ഉപഭോക്താക്കൾക്കും യോജിക്കുന്ന വിധത്തിൽ വിവിധങ്ങളായ ഇയർടിപുകളുമായാണ് ഇതെത്തുന്നതെന്നും രവി കുപ്പുരാജ് പറഞ്ഞു.എഫ്എസ്100, എഫ്എക്സ്100, എഫ്സെഡ്100 എന്നീ മൂന്ന് വേരിയൻറുകളും ക്വാഡ് മൈക് എൻവയോൺമെൻറ് നോയ്സ് കാൻസലേഷനുമായി അത്യുന്നത ശബ്ദാനുഭവും സ്ഫടിക തുല്യമായ കോളുകളും പ്രദാനം ചെയ്യുന്നവയാണ്. ഇതിനുള്ള ഐപിഎക്സ്5 റേറ്റിങ്ങും ഗെയിമിങ് മോഡും എഫ്പോഡുകളെ വർക്ക് ഔട്ടുകൾക്കും ഗെയിമിങ്ങിനും അത്യുത്തമമാക്കുന്നു.എക്സ്ട്രാ ഡീപ് ബാസ് ഡ്രൈവുകൾ, അധിക പ്ലേ സമയം, നയനാകർഷകമായ സ്റ്റൈലൻ രൂപകൽപന തുടങ്ങിയവയുമായാണ് എഫ്പോഡുകൾ എത്തുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.എഫ്എസ്100, എഫ്എക്സ്100 എന്നീ എഫ്പോഡ് വേരിയൻറുകൾ 40 മണിക്കൂർ വരെ പ്ലേ ടൈം, 10 എംഎം, 13 എംഎം എന്നീ ഡീപ് ബാസ് ഡ്രൈവറുകൾ തുടങ്ങിയവയുമായാണ് എത്തുന്നത്. 40 എംഎസ് വരെയുള്ള അൾട്രാ ലോ ലേറ്റൻസി ഗെയിമിങ് മോഡുമായയാണ് ഫാസ്റ്റ്ട്രാക്ക് എഫ്സെഡ്100 വേരിയൻറ് എത്തുന്നത്. എക്സ്ട്രാ ഡീപ് ബാസ് ഡ്രൈവർ, 50 മണിക്കൂർ പ്ലേ സമയം, 3സി നൈട്രോഫാസ്റ്റ് തുടങ്ങിയ സൗകര്യങ്ങളും ഇതിലുണ്ട്.ദൈനംദിന ഉപയോഗത്തിനു യോജിച്ചതും അധിക പ്ലേ സമയം നൽകുന്നതും അതുല്യമായ ശബ്ദാനുഭവം നൽകുന്നതുമാണ് ഫാസ്റ്റ്ട്രാക്ക് എഫ്പോഡുകൾ. ആകർഷകമായ സ്ലീക് സ്റ്റൈലൻ രൂപകൽപനയും ഇതിൻറെ മറ്റൊരു സവിശേഷതയാണ്. ഫ് ളിപ്കാർട്ടിൽ മാത്രമായി 995 രൂപ എന്ന പ്രത്യേക അവതരണ വിലയുമായാണ് ഇതു വിൽപനയ്ക്കു ലഭ്യമാക്കിയിരിക്കുന്നതെന്നും രവി കുപ്പുരാജ് പറഞ്ഞു.




# ആസ്റ്റർ അത്യാഹിത ചികിത്സ അന്താരാഷ്ട്ര സമ്മേളനം ജൂൺ 16 മുതൽ




**കൊച്ചി:** ആസ്റ്റർ മെഡ്സിറ്റി സംഘടിപ്പിക്കുന്ന അത്യാഹിത ചികിത്സ അന്താരാഷ്ട്ര സമ്മേളനത്തിന്റെ രണ്ടാം പതിപ്പ് ജൂൺ 16 മുതൽ 18 വരെ കൊച്ചിയിൽ നടക്കും. കൊച്ചിയിലെ നിഹാര റിസോർട്ടാണ് സമ്മേളനത്തിന് വേദിയാകുന്നത്. സമ്മേളനം മഹാരാഷ്ട്രയിൽ നിന്നുള്ള മാഗ്സസെയ് അവാർഡ് ജേതാവ്, പദ്മശ്രീ ഡോ. പ്രകാശ് ബാബ ആംതെ ഉദ്ഘാടനം ചെയ്യും. ദൗത്യ നിർവഹണത്തിനിടയിൽ രോഗിയുടെ കുത്തേറ്റ് മരിച്ച ഡോ. വന്ദന ദാസിനെ യോഗം അനുസ്മരിക്കും. അത്യാഹിത ചികിത്സയെ കുറിച്ചുള്ള അറിവുകൾ ബലപ്പെടുത്തുന്നതിലായിരിക്കും ഇത്തവണത്തെ സമ്മേളനം ശ്രദ്ധ കേന്ദ്രീകരിക്കുക. ഇതിനായി ഓരോ രോഗിയിലും കാണുന്ന വ്യത്യസ്ത ലക്ഷണങ്ങളെ അടിസ്ഥാനമാക്കി (രോഗനിദാനശാസ്ത്രം), യഥാർത്ഥ കേസുകൾ ആസ്പദമാക്കിയുള്ള ചർച്ചകൾ നടക്കും. ഇന്ത്യക്കകത്തു നിന്നും പുറത്തുനിന്നുമുള്ള പ്രഗത്ഭ ഡോക്ടർമാർ അവരുടെ അത്യാഹിത വിഭാഗത്തിലെ അവരുടെ അനുഭവങ്ങൾ തെളിവുകളുടെ അടിസ്ഥാനത്തിൽ വിശദീകരിക്കും.വിവിധതരം മത്സരങ്ങൾക്കും സംവാദങ്ങൾക്കും പ്രഗത്ഭരുടെ വിഷയാവതരണങ്ങൾക്കും സമ്മേളനം സാക്ഷിയാകും.ലോകമെമ്പാടുമുള്ള അത്യാഹിത ചികിത്സാസംവിധാനങ്ങളെ കൂടുതൽ വികസിപ്പിക്കുന്നതിന്റെ ശ്രമങ്ങളുടെ ഭാഗമാണ് എമർജെൻസ്2023 എന്ന് ആസ്റ്റർ മെഡ്സിറ്റിയിലെ അത്യാഹിത വിഭാഗം ലീഡ് കൺസൽട്ടൻറ് ഡോ. ജോൺസൻ കെ വർഗീസ് പറഞ്ഞു. ആരോഗ്യരംഗത്തെ പ്രഗത്ഭരായ പ്രൊഫഷണലുകൾക്ക് ഒരുമിച്ച് കൂടാനും പുതിയ കാര്യങ്ങൾ പഠിക്കാനും മേഖലയിൽ പുതിയ സംഭാവനകൾ അവതരിപ്പിക്കാനുമുള്ള വേദിയായിരിക്കും ഈ സമ്മേളനം. നൂതന ചികിത്സാശാഖകളായ മറൈൻ മെഡിസിൻ, വിൽഡർനസ് മെഡിസിൻ, എയ്റോമെഡിക്കൽ ട്രാൻസ്ഫർ, ടെലിമെഡിസിൻ, എന്നിവയ്ക്കും സ്റ്റാർട്ടപ്പുകൾക്കും നിരവധി അവസരങ്ങൾ സമ്മേളനം തുറന്നുകൊടുക്കുമെന്നും കോഴിക്കോട് ആസ്റ്റർ മിംസിലെ എമർജൻസി ചികിത്സാവിഭാഗം ഡയറക്ടർ ഡോ. വേണുഗോപാലൻ പിപി പറഞ്ഞു. എംബിബിഎസ്, നേഴ്സിങ് കോഴ്സുകൾ പൂർത്തിയാക്കിയവർക്ക് ജോലിസാധ്യതകൾ കണ്ടെത്താനുള്ള അവസരമായും കോൺക്ലേവ് പ്രയോജനപ്പെടുത്താമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.പദ്മശ്രീ ഡോ. പ്രകാശ് ആംതെക്ക് പുറമെ, ഇ.എം. സൊനോളജി ലോകത്തിന് മുന്നിൽ അവതരിപ്പിച്ച ഡോക്ടർ കീയ്ത് ബോണഫീസ് (യുഎസ്എ), വിൽഡർനസ് മെഡിസിൻ വിദഗ്ധൻ കെറി ക്രൈഡൽ (യുഎസ്എ), ടെലിമെഡിസിൻ സിഇഒ ഡോ. സുനിൽ ബുധ്രാണി (യുഎസ്എ), ശ്രീ രാമചന്ദ്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹയർ എഡ്യൂക്കേഷൻ ആൻഡ് റിസർച്ച് (ടഞകഒഋഞ) സർവകലാശാലയിൽ നിന്നുള്ള ഡോ. ടിവി രാമകൃഷൻ, അപ്പോളോ ഹോസ്പിറ്റൽസിലെ ഡോ. ധവപളനി, ക്ലൗഡ് ഫിസിഷ്യൻ സ്ഥാപകൻ ഡോ. ദിലീപ് രാമൻ, ആസ്റ്റർ ഹോസ്പിറ്റൽസ് പ്രതിനിധി ഡോ. വേണുഗോപാലൻ പിപി, യുകെ ഗവൺമെന്റിന്റെ ദുരന്തനിവാരണ ഉപദേശകൻ ഡോ. രാമചന്ദ്രൻ മാധവൻ, എന്നിവരും പങ്കെടുക്കും. കാഹോ, പെഡിസ്റ്റാർസ്, ഐസിഎടിടി , ഹമദ് മെഡിക്കൽ കോർപ്പറേഷൻ, ജിഡബ്ലിയു യൂണിവേഴ്സിറ്റി,യുഎസ്എ എന്നിവയുടെ സാന്നിധ്യവും ഉണ്ടായിരിക്കും. ജൂൺ 13 മുതൽ 15 വരെ പന്ത്രണ്ടിലേറെ പ്രീ കോൺഫറൻസ് ശിൽപശാലകളും സംഘടിപ്പിക്കും. ആസ്റ്റർ മെഡ്സിറ്റി, നിഹാര റിസോർട്, മരടിലെ പിഎസ് മിഷൻ ഹോസ്പിറ്റൽ, കോതമംഗലത്തെ എംബിഎംഎം ആശുപത്രി, കൊടുങ്ങല്ലൂരിലെ മോഡേൺ ഹോസ്പിറ്റൽ എന്നിവിടങ്ങളിലായിരിക്കും ശിൽപശാലകൾ നടക്കുക.ഡോ. വിമൽ കോശി തോമസ്, സീനിയർ സ്പെഷ്യലിസ്റ്റ് എമർജൻസി മെഡിസിൻ, ഡോ. ഹരികൃഷ്ണൻ എൽ ഫിസിഷ്യൻ, എമർജൻസി മെഡിസിൻ, ജയേഷ് വി നായർ, ഓപ്പറേഷൻസ് ഹെഡ്, ആസ്റ്റർ മെഡ്സിറ്റി എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

## ട്യൂഷൻ ടീച്ചർ തസ്തികയിൽ നിയമനം

**കൊച്ചി:** വനിതാ ശിശു വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എറണാകുളം ചിൽഡ്രൻസ്ഹോമിലെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി 202324 അദ്ധ്യയനവർഷം ഇംഗ്ലീഷ്, ഹിന്ദി, കെമിസ്ട്രി, മാത്തമാറ്റിക്സ്, എന്നീ വിഷയങ്ങളിൽ ട്യൂഷൻ ടീച്ചർ തസ്തികയിൽ നിയമനം നടത്തുന്നതിന് 18നും 45 നും ഇടയിൽ പ്രായമുള്ള,മേൽവിഷയങ്ങളിൽ ബിരുദം, ബി.എഡ് യോഗ്യതയുള്ളതും മൂന്നുവർഷം പ്രവൃത്തി പരിചയം, സ്ഥാപനത്തിൽ അഞ്ച് കിലോമീറ്റർ ചുറ്റളവിൽ താമസിക്കുന്നതുമായ വനിതകളായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. സർവീസിൽ നിന്നും വിരമിച്ച അധ്യാപകരെയും പരിഗണിക്കും. അഭിമുഖത്തിന്റെ അടിസ്ഥാനത്തിലായിരിക്കും നിയമനം. പ്രവൃത്തി സമയം പ്രവൃത്തി ദിവസങ്ങളിൽ വൈകുന്നേരം ആറു മുതൽ രാത്രി എട്ടു വരെ, അവധി ദിവസങ്ങളിൽ കുട്ടികൾക്ക് സൗകര്യപ്രദമായ സമയം. ശമ്പളം ര് മണിക്കൂറിന് 500 രൂപ (ഒരു വിഷയത്തിന് ഒരു മാസം 5000 രൂപ) കൂടുതൽ വിവരങ്ങൾക്ക് ഫോൺ 04842428553 04842998101, 94953 53572.

## എഡ്യൂക്കേറ്റർ തസ്തികയിൽ നിയമനം

**കൊച്ചി:** വനിതാ ശിശു വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എറണാകുളം ചിൽഡ്രൻസ് ഹോമിലെ കുട്ടികളുടെ 202324 പഠനനിലവാരം അദ്ധ്യയനവർഷം മെച്ചപ്പെടുത്തുന്നതിനായി എഡ്യൂക്കേറ്റർ തസ്തികയിൽ നിയമനം നടത്തുന്നതിന് 18നും 45 നു മിടയിൽ പ്രായമുള്ള, ഏതെങ്കിലും വിഷയത്തിൽ ബിരുദം, ബിഎഡ് യോഗ്യതയുള്ളതും, മൂന്നുവർഷം പ്രവൃത്തി പരിചയം,സ്ഥാപനത്തിൽ അഞ്ച് കിലോമീറ്റർ ചുറ്റളവിൽ താമസിക്കുന്നതുമായ വനിതകളായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. സർവീസിൽ നിന്നും വിരമിച്ച അധ്യാപകരെയും പരിഗണിക്കുന്നതാണ്. അഭിമുഖത്തിന്റെ അടിസ്ഥാനത്തിലായിരിക്കും നിയമനം. പ്രവൃത്തി സമയം പ്രവർത്തിദിവസങ്ങളിൽ രാവിലെ 6 മുതൽ രാത്രി 8 വരെ / വൈകുന്നേരം 6 മണി 8 വരെ, അവധി ദിവസങ്ങളിൽ കുട്ടികൾക്ക് സൗകര്യപ്രദമായ സമയം. ശമ്പളം ഒരു മാസം 10000രൂപ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 04842428553 04842998101, 94953 53572.

## യുവ ഉത്സവ്

**കൊച്ചി:** കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ ദേശ വ്യാപകമായി സംഘടിപ്പിക്കുന്ന യുവ ഉത്സവിന്റെ എറണാകുളം ജില്ലാ മത്സരങ്ങൾ ജൂൺ 15ന് നടത്തും. കാലടി ശ്രീ ശങ്കര കോളേജ് എൻഎസ്എസ് യൂണിറ്റുമായി സഹകരിച്ചാണ് പരിപാടി. ചിത്രരചന, കവിതാരചന (മലയാളം), പ്രസംഗം (ഇംഗ്ലീഷ്, ഹിന്ദി), മൊബൈൽ ഫോട്ടോഗ്രാഫി, തിരുവാതിര എന്നിവയാണ് മത്സരയിനങ്ങൾ വിജയികൾക്ക് പ്രശസ്തിപത്രവും, ക്യാഷ് അവാർഡും നൽകും. സംസ്ഥാന മത്സരത്തിൽ പങ്കെടുക്കാനുള്ള അവസരവും ലഭിക്കും. 15 നും 29 നും മദ്ധ്യേ പ്രായമുള്ളവർക്ക് പങ്കെടുക്കാം. രജിസ്ട്രേഷനും മറ്റു വിവരങ്ങൾക്കും 7012861486, 8714508255.

## ഫലവൃക്ഷങ്ങളുടെ ലേലം

**കൊച്ചി:** എറണാകുളം ഗവ ലോ കോളേജ് കോമ്പൗിൽ നിൽക്കുന്ന ഫലവൃക്ഷങ്ങളുടെ ലേലം 2023 ജൂൺ മുതൽ 2024 മെയ് 31 വരെ എടുക്കുന്നതിനുള്ള അവകാശം കുത്തകപ്പാട്ട വ്യവസ്ഥയിൽ പരസ്യമായി ലേലം ചെയ്ത് നൽകും. ജൂൺ 14 തീയതി ഉച്ചയ്ക്ക് രിന് കോളേജിൽ നടത്തുന്ന ലേലത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ അന്നേ ദിവസം ലേല സമയത്തിന് ഒരു മണിക്കൂർ മുമ്പ് 200രൂപ നിരതദ്രവ്യം കെട്ടിവയ്ക്കണം. കൂടുതൽ വിവരങ്ങൾ ഓഫീസിൽ അറിയാം. ഫോൺ:0484 2352020

## മേട്രൺ തസ്തികയിലേക്ക് ഇന്റർവ്യൂ

**കൊച്ചി:** എറണാകുളം എം സി ആർ വി മെൻസ് ഹോസ്റ്റലിലേക്ക് മേട്രൺ തസ്തികയിലേക്ക് പുരുഷ ഉദ്യോഗാർത്ഥികളുടെ അപേക്ഷ ക്ഷണിച്ചു. ജൂൺ 16ന് ഇന്റർവ്യൂ നടത്തും. ഫോൺ:9567226606, 9188154341

## നിയമസഭ പിന്നോക്ക സമുദായക്ഷേമം: സമിതി യോഗം 15 ന്

**കൊച്ചി:** കേരള നിയമസഭയുടെ പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതി ജൂൺ 15ന് രാവിലെ 10.30 ന് കാക്കനാട് കളക്ടറ്റേ് കോൺഫറൻസ് ഹാളിൽ യോഗം ചേരും.

## ഓണവിപണി ലക്ഷ്യമിട്ട് ചെണ്ടുമല്ലി കൃഷി

**കൊച്ചി:**ഓണവിപണി ലക്ഷ്യമിട്ടുകൊ് പുഷ്പ കൃഷി പദ്ധതിയുമായി കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത്. സുഫലം എന്ന പേരിലാണ് പുഷ്പ കൃഷി പദ്ധതി നടപ്പിലാക്കുന്നത്. ജനകീയസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി അഞ്ച് ലക്ഷം രൂപയാണ് പുഷ്പകൃഷിയ്ക്കായി വകയിരുത്തിയിരിക്കുന്നത്.പദ്ധതിയുടെ ഭാഗമായി 1.16 ലക്ഷം ചെുമല്ലി തൈകൾ കർഷകർക്ക് വിതരണം ചെയ്യും. കൃഷി വകുപ്പുമായി ചേർന്ന് കൊാണ് ബ്ലോക്ക് പഞ്ചായത്ത് പദ്ധതി നടപ്പിലാക്കുന്നത്. ബ്ലോക്ക് പരിധിയിലെ വിവിധ പഞ്ചായത്തുകളിലെ കർഷകർക്ക് 75 ശതമാനം സബ്സിഡി നിരക്കിലാണ് തൈകൾ നൽകുക. അശമന്നൂർ കൃഷിഭവന് സമീപത്തെ തരിശായി കിടന്ന 50 സെന്റ് സ്ഥലത്ത് തൈകൾ നട്ടുകൊായിരുന്നു പദ്ധതിയുടെ ആരംഭം. അശമന്നൂർ സർവീസ് സഹകരണ ബാങ്കിന്റെ സഹകരത്തോടെ പഞ്ചായത്തിലെ വിവിധ കൃഷിക്കൂട്ടങ്ങളാണ് ഇവിടെ ചെുമല്ലി കൃഷി നടത്തുന്നത്.ഓണക്കാലത്തുാകുന്ന പൂക്കളുടെ കൃത്രിമ ക്ഷാമം പരിഹരിക്കുക, അമിത വിലക്കയറ്റം തടയുക എന്നീ ലക്ഷ്യത്തിലൂന്നിയാണ് ഇത്തരമൊരു പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കുന്നതെന്ന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബേസിൽ പോൾ പറഞ്ഞു.

## ബാലവേല വിരുദ്ധ ദിനാചരണം ക്വിസ് മത്സരം ജൂൺ 13

**കൊച്ചി:** ലോക ബാലവേലവിരുദ്ധ ദിനത്തോടനുബന്ധിച്ച് ജില്ലാ ഭരണകൂടവും, തൊഴിൽ വകുപ്പും സംയുക്തമായി ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ സഹകരണത്തോടെ ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. പൊതു വിജ്ഞാനം ബാലാവകാശം എന്നീവിഷയങ്ങളെ അടിസ്ഥാനമാക്കി ഹൈസ്കൂൾ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായാണ് മത്സരം സംഘടിപ്പിക്കുന്നത്. ജൂൺ 13ന് രാവിലെ 10 മുതൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടത്തുന്ന ക്വിസ് മത്സരത്തിൽ ഒരു സ്കൂളിൽ നിന്നും 2 പേരടങ്ങുന്ന 4 ടീമുകൾക്ക് പങ്കെടുക്കാം. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും : 8547655267/9539390987/9446486649 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക. dlogenekm@gmail.com

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** രജിസ്റ്റർ ചെയ്തതിനുശേഷം 3 വർഷമായി പ്രവർത്തിച്ചു വരുന്ന എഫ് പിഒ (Farmer Producer: Orgazation) കളിൽ നിന്നും പ്രൊജക്റ്റ് ബെയ്സ് നവീകരണ പദ്ധതിക്കായി അപേക്ഷ ക്ഷണിച്ചു. 250 നു മുകളിൽ ഷെയർ ഹോൾഡേഴ്സ് ഉള്ള എഫ് പിഒകൾ ചാർട്ടേർഡ് അക്കൗന്റ് സാക്ഷ്യപ്പെടുത്തിയ 3 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് സഹിതം അപേക്ഷകൾ കാക്കനാട് സിവിൽ സ്റ്റേഷനിലെ ആത്മ പ്രോജക്ട് ഡയറക്ടറുടെ കാര്യാലയത്തിൽ ജൂൺ 30 നകം സമർപ്പിക്കേണ്ടതാണ്.

## ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സെമിനാർ

**കൊച്ചി:** പാലക്കാട് ജില്ലയിലെ അയലൂർ കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്ന വിഷയത്തിൽ ജൂൺ 14 ന് രാവിലെ 10 മുതൽ ഉച്ചയ്ക്ക് 12 വരെ സെമിനാർ നടത്തുന്നു. താത്പര്യമുള്ള എല്ലാ വർക്കും പങ്കെടുക്കാം. രജിസ്ട്രേഷൻ ഫീ 7150, ഫോൺ 8547005029, 96567 50075

## നീന്തൽ പരിശീലനം സമാപിച്ചു

**കൊച്ചി:** എറണാകുളം ഗവ.ചിൽഡ്രൻസ് ഹോമിലെ മധ്യകാല വേനലവധി പ്രോഗ്രാമിന്റെ ഭാഗമായുള്ള സൗജന്യ നീന്തൽ പരിശീലനം 31052023 ന് പരിസമാപിച്ചു . മധ്യവേനൽ അവധിക്കാല പ്രോഗ്രാമിന്റെ ഭാഗമായി കുട്ടികൾക്ക് സ്വയം രക്ഷ ഉറപ്പാക്കുക എന്നാ ലക്ഷ്യം മുൻനിർത്തി വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന എറണാകുളം എസ് 21. ചിൽഡ്രൻസ് ഹോമിലെ 15 കുട്ടികൾക്ക് നീന്തൽ പരിശീലനം 15 ന് കളമശ്ശേരി രാജഗിരി കോളേജിൽ ആരംഭിച്ചു. ജില്ലാ ശിശു സംരക്ഷണ ഓഫീസർ സിനി കെ .എസ് ഉദ്ഘാടനം നിർവഹിച്ചു. ചിൽഡ്രൻസ് ഹോം സൂപ്ര് മഞ്ജു ആർ നായർ ചടങ്ങിൽ സന്നിഹിതയായിരുന്നു.കുട്ടികൾക്ക് സൗജന്യമായാണ് നീന്തൽ പരിശീലനം ലഭ്യമായത്. എറണാകുളം ഇണഇ ചെയർമാൻ കെ കെ ഷാജു ജില്ലാ ശിശു ക്ഷേമ സമിതിയുടെ ഉപാധ്യക്ഷൻ അരുൺകുമാർ, കേരള സ്പോർട്സ് കൗൺസിൽ സ്വിമ്മിംഗ് കോച്ച് ഉണ്ണികൃഷ്ണൻ എന്നിവർ പരിശീലന പരിപാടിക്ക് നേതൃത്വം നൽകി.15 ദിവസം നീ പരിശീലന പരിപാടി 31 5 23 ന് പരിസമാപിച്ചു. പരിശീലനം ലഭിച്ച എല്ലാ കുട്ടികൾക്കും രാജഗിരി കോളേജിന്റെ നീന്തൽ വിഭാഗത്തിൽനിന്നും സർട്ടിഫിക്കറ്റ് വിതര ണം ചെയ്തു.

# ബഹിരാകാശ ദൗത്യത്തിന് കേരളത്തിന്റെ എയ്റോസ്പേസ് സ്റ്റാർട്ടപ്പ് 'ഐഎയ്റോ സ്കൈ'

**കൊച്ചി** മലയാളികളുടെ ബഹിരാകാശ സ്വപ്നങ്ങൾക്ക് പുതിയ മാനം നൽകാൻ ഒരുങ്ങി യുവഎഞ്ചിനീയർമാരുടെ കൂട്ടായ്മയിൽ പിറന്ന കേരളത്തിന്റെ ആദ്യത്തെ എയ്റോസ്പേസ് സ്റ്റാർട്ടപ്പായ 'ഐഎയ്റോ സ്കൈ'. റോബോട്ടിക്സ് മേഖലയിൽ പ്രവർത്തിച്ചുവരുന്ന ഐ ഹബ്ബ് റോബോട്ടിക്സിന്റെ അനുബന്ധ സ്ഥാപനമായ ഐ എയ്റോ സ്കൈ നിർമിച്ച ആദ്യ കമ്യൂണിക്കേഷൻ സാറ്റലൈറ്റിന് പത്മഭൂഷൺ നമ്പിനാരായണന്റെ പേരാണ് നൽകിയിരിക്കുന്നത്. ഐഹബ് റോബോട്ടിക്സിന്റെ പുതിയ പ്രൊഡക്ഷൻ ഹൗസ് ഉദ്ഘാടനവും എയ്റോ സ്പേസ് സ്റ്റാർട്ടപ്പ് വികസിപ്പിച്ചെടുത്ത നമ്പി സാറ്റ് 1 ന്റെ പ്രഖ്യാപനവും ഇന്ന് ഉച്ചക്ക് 2.30ന് വ്യവസായ മന്ത്രി പി രാജീവ് ഇടപ്പള്ളിയിൽ നിർവഹിക്കും.2026ഓടെ കുറഞ്ഞ ചെലവിൽ വാർത്താവിനിമയ ഉപഗ്രഹങ്ങളും റോക്കറ്റുകളും വിക്ഷേപിച്ച് ആശയവിനിമയ സാങ്കേതികവിദ്യയിൽ വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നതെന്ന് ഐഹബ് റോബോട്ടിക്സ് സി ഇ ഒ ആദിൽ കൃഷ്ണ പറഞ്ഞു. നിർമാണം പൂർത്തിയാക്കിയ നമ്പി സാറ്റ് 1 ഇന്ത്യൻ നാഷണൽ സ്പേസ് പ്രമോഷൻ ആൻഡ് അതോറൈസേഷൻ സെന്ററിന്റെ (ഇൻസ്പേസ്) സഹകരണത്തോടെ ഐ എസ് ആർ ഒയുടെ റോക്കറ്റിൽ വിക്ഷേപിക്കാനായി രജിസ്റ്റർ ചെയ്തു കഴിഞ്ഞു. എയ്റോ സ്കൈ സ്വന്തമായി വികസിപ്പിക്കുന്ന ആദ്യ റോക്കറ്റ് 2025ൽ പൂർത്തിയാക്കി 2026 ഓടെ വിക്ഷേപിക്കും. അശ്രാന്തപരിശ്രമം വേണ്ടിവരുന്ന ഈ പദ്ധതിക്ക് ഇൻസ്പേസിന്റെ സാമ്പത്തിക സഹായമുണ്ടാകും. എല്ലാവർക്കും ബഹിരാകാശ യാത്ര സാധ്യമാക്കുക എന്ന വലിയ സ്വപ്നത്തിലേക്കുള്ള ആദ്യ ചുവടുവെയ്പാകും ആദ്യ റോക്കറ്റിന്റെ വിക്ഷേപണമെന്ന് ആദിൽ കൃഷ്ണ പറയുന്നു.ഡിസാസ്റ്റർ മാനേജ്മെന്റ്, പരിസ്ഥിതി, കൃഷി എന്നീ മേഖലകൾക്കാവശ്യമായ കൃത്യതയുള്ള ഡാറ്റ ലഭ്യമാക്കുകയാണ് നമ്പി സാറ്റ് 1ന്റെ ദൗത്യം. ആർടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ച് മുൻപ് ശേഖരിച്ച ഡാറ്റകളും പുതിയ ഡാറ്റകളും താരതമ്യം ചെയ്താണ് നമ്പി സാറ്റ് പുതിയ ഡാറ്റകൾ സൃഷ്ടിക്കുകയെന്നതിനാൽ ഇതിന് കൃത്യതയേറും. 5.6 കിലോ മാത്രം ഭാരമുള്ള ഈ നാനോ സാറ്റലൈറ്റിന് 303520 സെന്റിമീറ്റർ വലിപ്പം മാത്രമാണുള്ളത്. ഒരു റിമോട്ട് സെൻസിംഗ് ക്യാമറ, ഡാറ്റയും വോയ്സ് സിഗ്നലുകളും ഭൂമിയിലേക്കയക്കുന്ന കമ്യൂണിക്കേഷൻ സിസ്റ്റം എന്നിവയാണ് സാറ്റലൈറ്റിലുള്ളത്. ഇത് ആറ് മാസം ലോവർ ഓർബിറ്റിൽ സഞ്ചരിച്ച് ഡാറ്റകൾ ലഭ്യമാക്കും. പ്രോജക്ടിന്റെ ലോഗോ പ്രകാശനം നമ്പി നാരായണനാണ് നിർവഹിച്ചത്.ഐഹബ് റോബോട്ടിക്സ് വിവിധ റോബോട്ടിക്സ് അനുബന്ധ ഉൽപ്പന്നങ്ങളുടെ ഗവേഷണവും വികസനവുമാണ് നടത്തുന്നത്. ഹ്യൂമനോയിഡ് റോബോട്ടുകളുടെ വികസനം, റെസ്റ്റോറന്റ് റോബോട്ടുകൾ, കൂടാതെ മെഡിക്കൽ അസിസ്റ്റന്റ് റോബോട്ടുകളും ഐഹബ് റോബോട്ടിക്സ് വികസിപ്പിച്ചിട്ടുണ്ട്. റോബോട്ടിക്സ്, എഐ, ഡ്രോൺ തുടങ്ങിയ ഫ്യൂച്ചറിസ്റ്റിക് സാങ്കേതികവിദ്യകളിൽ തൊഴിലധിഷ്ഠിത കോഴ്സുകളും ലഭ്യമാക്കുന്നു. സ്കൂൾ വിദ്യാർഥികൾക്കായി യങ് ഇന്നൊവേറ്റേഴ്സ് എന്ന പ്രോഗാമും നടത്തുന്നുണ്ട്.

### ഹോട്ടൽടെക് കേരള 2023 പ്രദർശനം സമാപിച്ചു

# പാചക, ഹൗസ്കീപ്പിംഗ് മത്സരങ്ങളിൽ ക്രൗൺ പ്ലാസ ഓവറോൾ ചാമ്പ്യൻ




**കൊച്ചി:** സംസ്ഥാനത്തെ ആതിഥേയ വ്യവസായ മേഖലയിലെ ഹോട്ടലുകൾക്കും റിസോർട്ടുകൾക്കും ആവശ്യമായ ഉൽപ്പന്നങ്ങളും സേവനങ്ങളും അവതരിപ്പിച്ച ത്രിദിന പ്രദർശനം ഹോട്ടൽടെക് കേരളയുടെ 12ാമത് പതിപ്പ് കൊച്ചി ഗോകുലം കൺവെൻഷൻ സെന്ററിൽ സമാപിച്ചു.മേളയ്ക്ക് സമാന്തരമായി ആദ്യരണ്ടു ദിവസം നടന്ന കേരളാ കലിനറി ചലഞ്ച് (കെസിസി), ഹൗസ്കീപ്പേഴ്സ് ചലഞ്ച് (എച്ച്കെസി) എന്നീ രണ്ടു വിഭാഗങ്ങളിലെ മത്സരങ്ങളിലും ഏറ്റവും കൂടുതൽ വിജയങ്ങൾ നേടി ക്രൗൺ പ്ലാസ കൊച്ചി ഏറ്റവും മികച്ച കലിനറി സ്ഥാപനവും ഏറ്റവും മികച്ച ഹൗസ്കീപ്പിംഗ് സ്ഥാപനവുമായി തെരഞ്ഞെടുക്കപ്പെട്ടു. വിവിധ മത്സരങ്ങളിൽ ഗോൾഡ് നേടിയവർ: ഹോട്ട് കുക്കിംഗ് ചിക്കൻ, ചിന്മയ പാണ്ഡ, ക്രൗൺ പ്ലാസ; പെറ്റിഫോർസ് ആൻഡ് പ്രാലൈൻസ് അജിത് കുമാർ എം, ഗ്രാൻഡ് ഹയാത്ത്; ആർടിസ്റ്റിക് പേസ്ട്രി സ്നേഹൽ മാത്രെ, ഗ്രാൻഡ് ഹയാത്ത്; കേരളാ ക്യൂസിൻ ജിബിൻ ജോസ്, ഗോകുലം പാർക്ക് ആൻഡ് കൺവെൻഷൻ സെന്റർ; ഹോട്ട് കുക്കിംഗ് ഫിഷ്, മനു ആന്റണി, ബാക്ക് വാട്ടർ റിപ്പ്ൾസ്, കുമരകം; ഹോ്ട്ട് കുക്കിംഗ് ബീഫ് ഹർഷികേശ് കുമാർ, ക്രൗൺ പ്ലാസ; ക്രിയേറ്റീവ് സാലഡ്സ് രതീഷ് എം, കുമരകം ലേക്ക് റിസോർട്ട്, ക്രിയേറ്റീവ് കുക്കിംഗ് വിത്ത് മില്ലറ്റ്സ് മഞ്ജേഷ് കുമാർ, കൗശികി പാഠക്, ക്രൗൺ പ്ലാസ. ഹൗസ്കീപ്പിംഗ് വിഭാഗത്തിലെ ഗോൾഡ് വിജയികൾ: മോപ്പ് റേസ് അനുലാൽ, ക്രൗൺ പ്ലാസ; ബെഡ് മേക്കിംഗ് ടിബിൻ, ക്രൗൺ പ്ലാസ; വാകൂം റേസ് മോഹൻ, ഗ്രാൻഡ് ഹയാത്ത്; ടവൽ ആർട്ട് മുരുഗൻ കെ, അബാദ് കോപ്പർ കാസിൽ, മൂന്നാർ. ആഗോള സെലിബ്രിറ്റി ഷെഫ് അലൻ പാമർ, ഷെഫ് റഷീദ്, ഷെഫ് സക്കറിയ, ഷെഫ് ജോർജ്, ഷെഫ് റുമാന എന്നിവരുൾപ്പെടുന്നതായിരുന്നു ജൂറി. കേരളാ ബ്യൂറോ ഓഫ് ഇൻഡസ്ട്രിൽ പ്രൊമോഷൻ (കെബിപ്), കേരളാ സ്റ്റാർട്ടപ്പ് മിഷൻ, കെഎസ്ഐഡിസി, അസോസിയേഷൻ ഓഫ് അപ്രൂവ്ഡ് ആൻഡ് ക്ലാസിഫൈഡ് ഹോട്ടൽസ് ഓഫ് കേരള (എഎസിഎച്ച്കെ), കേരള പ്രൊഫഷനൽ ഹൗസ്കീപേഴ്സ് അസോസിയേഷൻ (കെപിഎച്ച്എ), സൗത്ത് ഇന്ത്യ ഷെഫ്സ് അസോസിയേഷൻ (സിക) കേരള ചാപ്റ്റർ, ചീഫ് എൻജിനീയയേഴ്സ് ഫോറം എന്നീ സംഘടനകളുടേയും സ്ഥാപനങ്ങളുടേയും അംഗീകാരവും പിന്തുണയോടെയാണ് പ്രദർശനം നടന്നത്.എസ്എംഇകൾക്കായി കെബിപ് സ്പോൺസർ ചെയ്യുന്ന പവലിയനും ഈ മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കായി കേരളആ സ്റ്റാർട്ടപ്പ് മിഷനും എക്സ്ക്ലൂസീവ് പവലിയനും മേളയുടെ ഭാഗമായിരുന്നു.

# ചോയ്സ് ഗ്രൂപ്പ് കേരളത്തിലെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നു




**കൊച്ചി:** എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റു ചെയ്ത പ്രമുഖ ബിസിനസ് സ്ഥാപനമായ ചോയ്സ് ഇന്റർനാഷണൽ തങ്ങളുടെ ചോയ്സ് ഗ്രൂപ്പ് സബ്സിഡിയറികളിലൂടെ കേരളത്തിലെ പ്രവർത്തനങ്ങൾ വിപുലമാക്കുന്നു. മേഖലയിലെ തങ്ങളുടെ സാന്നിധ്യം ശക്തമാക്കാനും വിലപ്പെട്ട ഉപഭോക്താക്കൾക്ക് മികച്ച സാമ്പത്തിക സേവനങ്ങൾ നൽകാനുമാണ് കമ്പനി ഉദ്ദേശിക്കുന്നതെന്ന് ചോയ്സ് ഇന്റർനാഷണൽ ലിമിറ്റഡ് സിഇഒ അരുൺ പൊഡ്ഡർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. നിലവിൽ 153 ഓഫിസുകളുമായി കേരളത്തിൽ 76,000ലേറെ സന്തുഷ്ടമായ ഉപഭോക്താക്കളുള്ള കമ്പനി 2025-ഓടെ 300 ഓഫിസുകളും രണ്ടു ലക്ഷത്തിലേറെ ഉപഭോക്താക്കളും എന്ന നിലയിലേക്ക് എത്താനാണ് ലക്ഷ്യമിടുന്നത്. കേരളത്തിൽ 29 വർഷത്തിലേറെയായി പ്രവർത്തിക്കുന്ന ചോയ്സ് ഗ്രൂപ്പ് സംസ്ഥാനത്തെ എല്ലാ പ്രമുഖ ജില്ലകളിലും ശക്തമായ സാന്നിധ്യം ഉറപ്പാക്കിയിട്ടുണ്ട്. മുൻപ് ജെആർജി സെക്യൂരിറ്റീസ് എന്ന് അറിയപ്പെട്ടിരുന്ന ഇൻഡിട്രേഡിന്റെ ബ്രോക്കിങ് ബിസിനസ് 2018-ൽ ഗ്രൂപ്പ് ഏറ്റെടുത്ത് തങ്ങളുടെ സാന്നിധ്യം കൂടുതൽ ശക്തമാക്കിയിരുന്നു. കമ്പനിയുടെ സാന്നിധ്യം 2ാം നിര മുതൽ 6ാം നിര വരെയുള്ള പട്ടണങ്ങളിലേക്ക് വ്യാപിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്. തങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്താനാവും വിധം കഴിവുള്ള മാനവശേഷി ഉറപ്പാക്കാൻ കേരളത്തിലെ മൂന്നു പ്രൊഫഷണൽ കോളേജുകളുമായി ചോയ്സ് ഗ്രൂപ്പ് ഇതിനകം തന്നെ പങ്കാളിത്തം സ്ഥാപിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.കമ്പനി കേരളത്തിലെ പ്രവർത്തനങ്ങൾ വിപുലീകരിക്കുമ്പോൾ തങ്ങളുടെ സാന്നിധ്യം ശക്തമാക്കാനും ഉപഭോക്താക്കൾക്ക് മികച്ച സാമ്പത്തിക സേവനങ്ങൾ നൽകാനും തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്നും അരുൺ പൊഡ്ഡർ പറഞ്ഞു. തങ്ങളെ സംബന്ധിച്ച് നിർണായകമായ വിപണിയാണ് കേരളം. ഊർജ്ജസ്വലനായ ഈ സംസ്ഥാനത്തെ ജനങ്ങൾക്കു സേവനം നൽകാനുള്ള തങ്ങളുടെ പ്രതിബദ്ധതയുടെ സാക്ഷ്യം കൂടിയാണ് ഈ വികസന പദ്ധതികൾ. ഇതുവരെ പ്രയോജനപ്പെടുത്താത്ത വിപണികളിലേക്കു പ്രവർത്തനം വ്യാപിപ്പിക്കുവാനും കഴിവുറ്റവരെ നിയമിക്കാനും സഹകാരികളുടെ വളർച്ച ശക്തിപ്പെടുത്താനും തങ്ങൾക്കു പ്രതിബദ്ധതയുണ്ട്. തങ്ങളുടെ വൈവിധ്യമാർന്ന സാമ്പത്തിക സേവനങ്ങളും തടസ്സമില്ലാത്ത ആപ്ലിക്കേഷനായ ചോയ്സ്ഫിൻഎക്സ് എന്നിവ വഴി ഉപഭോക്താക്കൾക്ക് അവരുടെ സാമ്പത്തിക ലക്ഷ്യങ്ങൾ നേടാനുള്ള പിന്തുണ തങ്ങൾ നൽകുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു.

# വി അനന്തരാമൻ ട്രാൻസ്യൂണിയൻ സിബിൽ ചെയർമാൻ



**കൊച്ചി:** ഇന്ത്യയിലെ മുൻനിര ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനിയായ ട്രാൻസ്യൂണിയൻ സിബിൽ വി അനന്തരാമനെ നോൺ എക്സിക്യൂട്ടീവ് ചെയർമാനായി നിയമിച്ചു. പതിനൊന്ന് വർഷത്തിലേറെ കമ്പനിയുടെ ചെയർമാനായിരുന്ന എം വി നായരിൽ നിന്നാണ് ഇദ്ദേഹം സ്ഥാനം ഏറ്റെടുക്കുന്നത്. സാമ്പത്തിക സേവന രംഗത്ത് മൂന്ന് പതിറ്റാണ്ടിലേറെ അനുഭവസമ്പത്തുള്ള അനന്തരാമൻ സ്റ്റാൻഡേർഡ് ചാർട്ടേഡ് ബാങ്ക്, ക്രെഡിറ്റ് സ്യൂസ്, ഡച്ച് ബാങ്ക്, ബാങ്ക് ഓഫ് അമേരിക്ക എന്നിവ ഉൾപ്പെടെയുള്ള പ്രമുഖ അന്താരാഷ്ട്ര സ്ഥാപനങ്ങളിൽ കോർപറേറ്റ്, ഇൻവെസ്റ്റ്മെൻറ് ബാങ്കിങ് ടീമുകളെ നയിച്ചിട്ടുണ്ട്.എക്സ്എൽആർഐയിൽ നിന്ന് ബിസിനസ് മാനേജ്മെൻറിൽ ബിരുദാനന്തര ഡിപ്ലോമയും ജാദവ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് എഞ്ചിനീയറിംഗ് ബിരുദവും നേടിയിട്ടുള്ള അനന്തരാമൻ ഇന്ത്യൻ ഹോട്ടൽസ് കമ്പനി ലിമിറ്റഡ്, ആക്സിസ് അസറ്റ് മാനേജ്മെൻറ് കമ്പനി, ഐഐഎഫ്എൽ ഹോം ഫിനാൻസ് ലിമിറ്റഡ്, ഇകോം എക്സ്പ്രസ് ലിമിറ്റഡ് എന്നിവയുടെ ബോർഡ് അംഗവുമാണ്.ഇന്ത്യയുടെ സാമ്പത്തിക മേഖലയിലെ സുപ്രധാന സ്ഥാപനമായ മുൻനിര ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനിയുടെ വികസനത്തിനായി ശ്രമിക്കുമെന്ന് നിയമനത്തെക്കുറിച്ച് സംസാരിക്കവെ അനന്തരാമൻ പറഞ്ഞു.

# ലോക വനിതാ ബ്ലൈൻഡ് ഫുട്ബോൾ ച്യാമ്പ്യൻഷിപ്: സെലക്ഷ്യൻ ക്യാംപ് തുടങ്ങി



**കൊച്ചി :**ഐ ബി എസ് എ വേൾഡ് ഗെയിംസിൽ പങ്കെടുക്കുന്നതിനുള്ള ഇന്ത്യൻ വനിത ബ്ലൈൻഡ് ഫുട്ബോൾ ടീം സെലക്ഷൻ ക്യാമ്പ് ആരംഭിച്ചു. ഹെഡ് കോച്, സുനിൽ ജെ മാത്യു ന്റെ നേതൃത്വത്തിൽ കൊച്ചി കടവന്ത്ര ഗാമ ഫുട്ബോൾ ഗ്രൗിൽ വെച്ച് നടക്കുന്ന സെലക്ഷൻ ക്യാമ്പിൽ ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നായി മുപ്പതോളം കളിക്കാർ പങ്കെടുക്കുന്നു്. ലോക ചാംപ്യൻഷിപ്പിലേക്കുള്ള വനിതാ ബ്ലൈൻഡ് ഫുട്ബോൾ ടീമിനെ ജൂൺ പതിനഞ്ചിനു പ്രഖ്യാപിക്കും. ജൂലൈ 25 മുതൽ കൊച്ചിയിൽ നടക്കുന്ന പരിശീലനത്തിന് ശേഷം വനിതാ ടീം ഓഗസ്റ്റ് 12 ന് ഇംഗ്ലിലേക്ക് പോകും

# പുതിയ വേരിയന്റുകളുടെ വിലകൾ പ്രഖ്യാപിച്ച് ഫോക്സ് വാഗൺ



**കൊച്ചി:** ഫോക്സ് വാഗൺ ഇന്ത്യ വെബ്സൈറ്റ് വഴിയുള്ള മാർക്യൂ ജിടി എഡ്ജ് ലിമിറ്റഡ് കളക്ഷനിലായുള്ള എക്സ്ക്ലൂസീവ് ഓൺലൈൻ ബുക്കിംഗുകൾക്കൊപ്പം ഇന്ത്യ 2.0 കാർലൈനുകളുടെ പുതിയ വേരിയന്റുകളായ ടൈഗൂൺ, വെർടസ് ഫോക്സ് വാഗൺ പാസഞ്ചർ കാർസ് ഇന്ത്യ അവതരിപ്പിച്ചു. ജിടി എഡ്ജ് കാർലൈനുകൾ ഉപഭോക്തൃ ബുക്കിംഗുകളുടെ അടിസ്ഥാനത്തിൽ നിർമ്മിക്കും. വിതരണം 2023 ജൂലൈ മുതൽ ആരംഭിക്കും. ടൈഗൂൺ, വെർടസ് എന്നിവയിലെ പെർഫോമൻസ് ലൈൻ ജനകീയമാക്കുന്ന ഫോക്സ് വാഗൺ ഇന്ത്യ പുതിയ വേരിയന്റുകളുടെ അവതരിപ്പിക്കുന്നതിലൂടെ ജിടി ബാഡ്ജ് കൂടുതൽ ലഭ്യമാക്കുന്നു. ഫോക്സ് വാഗൺ വെർടസ് ഇപ്പോൾ ജിടി പ്ലസ് വേരിയൻറിൽ 6 സ്പീഡ് മാനുവൽ ട്രാൻസ്മിഷനിൽ ലഭ്യമാണ്. കാർലൈനിന്റെ പ്രാരംഭ വില 16.89 ലക്ഷം രൂപയാണ് (എക്സ് ഷോറൂം).കൂടാതെ ഫോക്സ് വാഗൺ ഇന്ത്യയിലെ ഏറ്റവും സുരക്ഷിതമായ എസ്യുവിഡബ്ല്യുയുടെ രണ്ട് പുതിയ വകഭേദങ്ങളായ ഫോക്സ് വാഗൺ ടൈഗൂൺ ജിടി ഡിഎസ്ജി, ജിടി പ്ലസ് മാനുവൽ ട്രാൻസ്മിഷൻ അവതരിപ്പിച്ചു. പ്രാരംഭ വില യഥാക്രമം 16.79 ലക്ഷം, 17.79 ലക്ഷം (എക്സ്ഷോറൂം) രൂപയാണ്. ഈ അവതരണത്തോടെ ഡൈനാമിക് (1.0ലി ടിഎസ്ഐ), പെർഫോമൻസ് ലൈനിൻ (1.5ലി ടിഎസ്ഐ ഇവിഒ എഞ്ചിൻ) എന്നിവയിലുടനീളമുള്ള 9 വേരിയന്റുകളിൽ നിന്ന് ഓരോ ഉപഭോക്താവിന്റെയും ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്ന ഒരു ടൈഗൂൺ ഉണ്ടെന്ന് ഫോക്സ് വാഗൺ ഇന്ത്യ ഉറപ്പാക്കുന്നു.ഉപഭോക്താക്കൾക്ക് തിരഞ്ഞെടുക്കാൻ പുതിയ വകഭേദങ്ങൾ അവതരിപ്പിച്ചുകൊണ്ട് ജിടി ബാഡ്ജ് ജനകീയമാക്കുകയും ചെയ്യുന്നുവെന്ന് ഫോക്സ്വാഗൺ പാസഞ്ചർ കാർസ് ഇന്ത്യ ബ്രാൻഡ് ഡയറക്ടർ ആശിഷ് ഗുപ്ത പറഞ്ഞു.ജിടി എഡ്ജ് ലിമിറ്റഡ് ശേഖരത്തിൽ ഡീപ് ബ്ലാക്ക് പേൾ എക്സ്റ്റീരിയർ ബോഡി കളറിൽ വെർടസ് ജിടി പ്ലസ് ഡിഎസ്ജി & ജിടി പ്ലസ് മാനുവൽ, ഒപ്പം ഡീപ് ബ്ലാക്ക് പേൾ, കാർബൺ സ്റ്റീൽ ഗ്രേ മാറ്റ് ഫിനിഷ് എക്സ്റ്റീരിയർ ബോഡി കളറിലുള്ള ടൈഗൂൺ ജിടി പ്ലസ് ഡിഎസ്ജി, ജിടി പ്ലസ് മാനുവൽ എന്നിവ ഉൾപ്പെടുന്നു.ഇന്ത്യയിലെ 121 നഗരങ്ങളിലെ 161 സെയിൽസ് ടച്ച് പോയിൻറുകളിൽ ഉടനീളം ടൈഗൂൺ, വെർടസ് എന്നിവയുടെ പുതിയ വേരിയൻറുകൾ ലഭ്യമാകും. എക്സ്ക്ലൂസീവ് ജിടി എഡ്ജ് ലിമിറ്റഡ് ശേഖരം ഫോക്സ്വാഗൺ ഇന്ത്യ വെബ്സൈറ്റിൽ ഉപഭോക്താക്കളുടെ ഓൺലൈൻ ബുക്കിംഗിൻറെ അടിസ്ഥാനത്തിൽ നിർമ്മിക്കും.

# മത്സ്യബോർഡ് ആനുകൂല്യവിതരണം നടത്തി

**കൊച്ചി:** കേരള മത്സ്യത്തൊഴിലാളി ക്ഷേമിധി ബോർഡ് ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് വിവിധ പദ്ധതി ആനുകൂല്യങ്ങൾ വ്യാഴാഴ്ച (08/06/2023) വിതരണം ചെയ്തു. വടക്കൻ പറവൂർ, എറണാകുളം, ഉദയംപേരൂർ(ഉൾനാടൻ) ഫിഷറീസ്ഓഫീസ് പരിധിയിലെ 187 മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബോർഡ് ചെയർമാൻ കൂട്ടായി ബഷീർ ആണ് ആനുകൂല്യങ്ങൾ വിതരണം ചെയ്തത്. എറണാകുളം ഫിഷറീസ് കോപ്ലക്സിലെ അവെയർനെസ് ഹാളിൽ നടന്ന ചടങ്ങിൽ മത്സ്യബോർഡ് അംഗം കെ. കെ രമേശൻ അദ്ധ്യക്ഷനായി . വിവാഹ ധനസഹായം പദ്ധതിയിൽ 168 തൊഴിലാളികൾക്കും മരണാനന്തര ധനസഹായം പദ്ധതിയിൽ 19 തൊഴിലാളികൾക്കും തുക വിതരണം ചെയ്തു. അപകടത്തിൽ മരണപ്പെട്ട വർഗ്ഗീസ്, കണ്ണിക്കാട്ട്, ചേപ്പനത്തിന്റെ കുടുംബത്തിന് 10,10,000/ രൂപയുടെ ഇൻഷുറൻസ് ധനസഹായവും നൽകി. എറണാകുളം(മേഖല) മത്സ്യബോർഡ് ഓഫീസിന് കീഴിൽ 2023 ഏപ്രിൽ , മെയ് മാസങ്ങളിലായി 637 മത്സ്യത്തൊഴിലാളികൾക്ക് വിവിധ പദ്ധതികളിൽ 1,13,28,592/ രൂപയുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ട്. യോഗത്തിൽ റീജിയിണൽ എക്സിക്യൂട്ടീവ് രമേശ് കെ. ബി സ്വാഗതം പറഞ്ഞു. ബോർഡിന്റെക്ഷേമ പദ്ധതികളെക്കുറിച്ച് തൃശ്ശൂർ ഉൾനാടൻ ഫിഷറീസ് ഓഫീസർ സുജിത് വി. വി അവബോധന ക്ലാസ് എടുത്തു.

# കൊച്ചി മെട്രോ ആറാം വാർഷികം ; മെഗാ ഫെസ്റ്റിന് ഇന്ന് തുടക്കം

**കൊച്ചി:** സംസ്ഥാനത്തിന്റെ തന്നെ പൊതുഗതാഗത രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവന്ന കൊച്ചി മെട്രോ നാടിന് സമർപ്പിച്ചിട്ട് ഈ ജൂൺ പതിനേഴിന് ആറ് വർഷം തികയുകയാണ്. കൊച്ചി മെട്രോ സർവ്വീസ് ആരംഭിച്ച ജൂൺ പതിനേഴ് കഴിഞ്ഞ വർഷം മുതൽ കേരള മെട്രോ റെയിൽ ഡേ ആയി ആചരിച്ച് വരികയാണ്. ആറാം വാർഷികത്തോടനുബന്ധിച്ചും കേരള മെട്രോ റെയിൽ ദിനാചരണത്തിന്റെയും ഭാഗമായി യാത്രക്കാർക്കും പൊതുജനങ്ങൾക്കുമായി നിരവധി ആഘോഷപരിപാടികളും ഓഫറുകളും കൈനിറയെ സമ്മാനങ്ങൾ നേടാനുള്ള അവസരങ്ങളും ഒരുക്കുകയാണ് കെഎംആർഎൽ. കൊച്ചി മെട്രോ മെഗാ ഫെസ്റ്റ് 2023 എന്ന പേരിൽ  ഇന്നു മുതൽ മെട്രോ സ്റ്റേഷനുകളിൽ വിവിധ പരിപാടികളും മത്സരങ്ങളും ഉണ്ടാകും.കൊച്ചി മെട്രോയുടെ പിറന്നാൾ ദിനമായ ജൂൺ പതിനേഴിന് യാത്രക്കാർക്കായി ടിക്കറ്റ് നിരക്കിൽ ഇളവുണ്ടാകും. അന്നേദിവസം 20 രൂപ നിരക്കിൽ കൊച്ചി മെട്രോയിൽ യാത്ര ചെയ്യാം. മിനിമം ടിക്കറ്റ് നിരക്കായ 10 രൂപ അന്നേ ദിവസം തുടരും. 30,40,50,60 രൂപ വരുന്ന ടിക്കറ്റുകൾക്ക് പകരം പതിനേഴാം തീയതി വെറും 20 രൂപയ്ക്ക് എത്ര ദൂരം വേണമെങ്കിലും ഒരു തവണ യാത്ര ചെയ്യാം. കൊച്ചി മെട്രോയും താരസംഘടനയായ അമ്മയും ചേർന്നൊരുക്കുന്ന മെട്രോ ഷോർട്ട് ഫിലിം മത്സരത്തിന് മികച്ച പ്രതികരമാണ് ലഭിച്ചത്. അറുപതിലേറെ ടീമുകൾ പങ്കെടുക്കുന്ന ഷോർട്ട് ഫിലിം മത്സരത്തിന്റെ വിജയികളെ കാത്തിരിക്കുന്നത് ആകർഷകമായ ക്യാഷ് പ്രൈസുകളാണ്. സിനിമ നിർമ്മാതാക്കളായ മഹാസുബൈർ വർണ്ണചിത്ര പ്രൊഡക്ഷൻസ് ആണ് ക്യാഷ് അവാർഡുകൾ സ്പോൺസർ ചെയ്യുന്നത്. ആദ്യ മൂന്ന് സ്ഥാനങ്ങളിലെത്തുന്ന ടീമുകൾക്ക് 25000, 15000, 10000 രൂപ വീതമാണ് സമ്മാനം ലഭിക്കുക.പതിനൊന്ന് മുതൽ പതിനേഴാം തീയതി വരെ ആലുവ,കളമശേരി, പാലാരിവട്ടം, കലൂർ, എംജി റോഡ്, കടവന്ത്ര, വൈറ്റില, വടക്കേക്കോട്ട എന്നീ എട്ട് സ്റ്റേഷനുകളിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്രദർശനവിൽപ്പന മേള സംഘടിപ്പിക്കുന്നുണ്ട്. റസിഡന്റ്സ് അസോസിയേഷനുകളുടെ സംഘടനയായ എഡ്രാക്കും കൊച്ചി മെട്രോയുടെ പിറന്നാളാഘോഷങ്ങളിൽ പങ്കാളികളാകുന്നുണ്ട്. വാർഷിക ദിനമായ ജൂൺ പതിനേഴിന് എഡ്രാക്കിന്റെ നേതൃത്വത്തിൽ കലൂർ മെട്രോ സ്റ്റേഷനിൽ വിവിധ ഉത്പന്നങ്ങളുടെ പ്രദർശനവിൽപ്പന മേള ഒരുക്കും. ആഘോഷങ്ങളുടെ ഭാഗമായി ഭാരത് പെട്രോളിയത്തിന്റെ സഹകരണത്തോടെ കൊച്ചി മെട്രോ 'ബോബനും മോളിയും' എന്ന പേരിൽ ഓപ്പൺ ക്വിസ് മത്സരം സംഘടിപ്പിക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് പ്രായഭേദമെന്യേ ഒരു പുരുഷനും ഒരു വനിതയുമടങ്ങുന്ന ടീമുകളായി മത്സരത്തിൽ പങ്കെടുക്കാം. മൂന്ന് ദിവസം നീണ്ടു നിൽക്കുന്ന ഓൺലൈൻ ക്വിസ് മത്സരങ്ങൾ കൊച്ചി മെട്രോയുടെ സോഷ്യൽ മീഡിയ പേജുകളിലൂടെ നടക്കും. മെട്രോ ദിനമായ ജൂൺ 17 ന് ഉച്ചക്ക് 2  മണിക്ക് പ്രിലിമിനറി റൗണ്ടും തുടർന്ന് സെമി ഫൈനലും ഫൈനലും വൈറ്റില മെട്രോ സ്റ്റേഷനിൽ വച്ച് നടക്കും. ക്വിസ് മത്സരത്തിൽ മുൻകൂട്ടി ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമാണ് അവസരം. രജിസ്ട്രേഷൻ ഫീ ഇല്ല. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും +91 79076 35399 എന്ന നമ്പറിൽ ബന്ധപ്പെടാം. ജൂൺ പതിനേഴിന് ചിത്രരചന മത്സരവും 15 വയസ്സിൽ താഴെയുള്ള വിദ്യാർത്ഥികൾക്കായി ചെസ് മത്സരവും സംഘടിപ്പിക്കുണ്ട്. ജൂൺ പത്തിന് ഇടപ്പിള്ളി മെട്രോ സ്റ്റേഷനിൽ സാം അക്കാദമിയുടെ സഹകരണത്തോടെ രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1.30 വരെ പൊതുജനങ്ങൾക്കായി വിവിധ ബോർഡ് ഗെയിമുകളും പതിനൊന്നിന് ഉച്ചക്ക് രണ്ട് മണി മുതൽ ജെഎൽഎൻ സ്റ്റേഡിയം മെട്രോ സ്റ്റേഷനിൽ ചെസ് മത്സരവും സംഘടിപ്പിക്കുന്നുണ്ട്.ജൂൺ പതിനഞ്ചിന് കൊച്ചി മെട്രോയുടെ ട്രെയിനുകളിൽ പ്രശസ്ത കാർട്ടൂണിസ്റ്റുകൾ സഞ്ചരിച്ച് യാത്രക്കാരുടെ കാരിക്കേച്ചറുകൾ തത്സമയം വരച്ച് സമ്മാനിക്കും. തുടർന്ന് ഇവയിൽ ചില കാരിക്കേച്ചറുകൾ തിരഞ്ഞെടുത്ത ട്രെയിനുകളിൽ പ്രദർശിക്കും. ജൂൺ പതിനാറിന് എസ്.സി.എം.എസ് കോളേജിന്റെ സഹകരണത്തോടെ ഒരു ദിവസം നീണ്ട് നിൽക്കുന്ന പൊതുഗതാഗത കോൺക്ലേവ് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് സംഘടിപ്പിക്കും. 'റീഇമാജിനിംഗ് പബ്ളിക് ട്രാൻസ്പോർട്ട് ഇക്കോസിസ്റ്റം' എന്ന വിഷയത്തിലാണ് കോൺക്ലേവ്. ജൂൺ 22 മുതൽ 25 വൈറ്റില മെട്രോ സ്റ്റേഷനിൽ എം ക്ലബ്ബ് എന്റർടെയ്ൻമെന്റിന്റെ സഹകരണത്തോടെ ഫ്ളവർ ആൻഡ് മാംഗോ ഫെസ്റ്റും ഒരുക്കുന്നുണ്ട്. വിവിധയിനം മാങ്ങകൾ, ചെടികൾ എന്നിവയ്ക്കൊപ്പം എക്സോട്ടിക് പെറ്റ്സ് സ്റ്റാളുകളും ഫെസ്റ്റിൽ ഒരുക്കുന്നുണ്ട്.

# എസ്.സി വിഭാഗക്കാർക്ക് സൗജന്യ പരിശീലനം

**തിരുവനന്തപുരം:** സർക്കാരിന്റെ 100 ദിന കർമ്മപരിപാടികളിൽ ഉൾപ്പെടുത്തി പട്ടികജാതി വിഭാഗക്കാർക്കായി നടപ്പിലാക്കുന്ന ഉന്നതി പ്രീറിക്രൂട്ട്മെന്റ് ട്രെയിനിംഗ് പരിശീലന പദ്ധതിയിലൂടെ സൈനിക, അർദ്ധസൈനിക, പോലീസ്, എക്സൈസ്, തുടങ്ങിയ സേനാവിഭാഗങ്ങളിൽ തൊഴിൽ നേടാൻ ആഗ്രഹിക്കുന്ന യുവതീ യുവാക്കൾക്ക് രണ്ടു മാസക്കാലത്തെ റസിഡൻഷ്യൽ പരിശീലനം നൽകുന്നു. 18 നും 26 നും ഇടയിൽ പ്രായമുള്ള ആരോഗ്യവാന്മാരായ ഉദ്യോഗാർഥികൾക്കാണ് അവസരം. യോഗ്യത എസ്.എസ്.എൽ.സി വിജയിച്ചിരിക്കണം. പ്ലസ്ടുവോ ഉയർന്ന യോഗ്യതകളോ ഉള്ളവർക്ക് മുൻഗണന. പുരുഷന്മാർക്ക് കുറഞ്ഞത് 167 സെന്റീമീറ്ററും, വനിതകൾക്ക് 157 സെന്റീമീറ്ററും ഉയരം ഉണ്ടായിരിക്കണം. ഉദ്യോഗാർഥികൾക്ക് കായിക ക്ഷമതാ പരീക്ഷ, എഴുത്തു പരീക്ഷ, ഇന്റർവ്യൂ എന്നിവയിൽ വിജയിയ്ക്കുവാനുള്ള പ്രാപ്തി നേടികൊടുക്കുക എന്നതാണ് പരിശീലനത്തിലൂടെ ലക്ഷ്യമിടുന്നത്.കോഴിക്കോട് പ്രീറിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ (പി.ആർ.ടി.സി) ലാണ് പരിശീലനം നടക്കുക. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ യോഗ്യതാ സർട്ടിഫിക്കറ്റ്, കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്, ആധാർ എന്നിവയുടെ പകർപ്പുകളും മൂന്ന് കോപ്പി പാസ്പോർട്ട് സൈസ് ഫോട്ടോയും സഹിതം ജൂൺ 17നു രാവിലെ 11 ന് തിരുവനന്തപുരം വെള്ളയമ്പലം, കനകനഗർ, അയ്യൻകാളി ഭവനിൽ സ്ഥിതിചെയ്യുന്ന ജില്ലാ പട്ടികജാതി വികസന ഓഫീസിൽ എത്തണം.




# സംഗീത പ്രേമികൾക്കായി ജിയോ സാവൻ പ്രീപെയ്ഡ് പ്ലാനുകൾ

**കൊച്ചി :** ജിയോ വരിക്കാർക്കായി ജിയോ സാവൻ പ്രൊ സബ്സ്ക്രിപ്ഷൻ ബണ്ടിൽഡ് പ്രീപെയ്ഡ് പ്ലാനുകൾ അവതരിപ്പിച്ചു. 269 രൂപ മുതൽ 28 ദിവസത്തെ വാലിഡിറ്റിയോട് കൂടി പ്ലാനുകൾ ലഭ്യമാണ്. ഈ പ്ലാനിൽ ദിവസവും 1.5 ജിബി ഡാറ്റയും, അൺലിമിറ്റഡ് കോളുകളും എസ് എം എസും ലഭിക്കും. കൂടാതെ  99 രൂപയുടെ ജിയോ സാവൻ പ്രൊ സബ്സ്ക്രിപ്ഷൻ പ്ലാൻ സൗജന്യമായി ലഭ്യമാകും.ജിയോ സാവൻ പ്രൊ സബ്സ്ക്രിപ്ഷനിൽ  പരസ്യങ്ങളില്ലാതെ പാട്ട് കേൾക്കാം , അൺലിമിറ്റഡ് ജിയോ ട്യൂൺസ് , അൺലിമിറ്റഡ് ഡൗൺ ലോഡ്, ഉയർന്ന ക്വാളിറ്റി  ഓഡിയോ എന്നിവയും ആസ്വദിക്കാം. ഈ പുതിയ ഓഫർ പുതിയ ഉപഭോക്താക്കൾക്കും ഇതിനകം ജിയോയുടെ സേവനങ്ങൾ ഉപയോഗിക്കുന്നവർക്കും ലഭ്യമാകും ജിയോ സാവൻ പ്രൊ സബ്സ്ക്രിപ്ഷൻ ബണ്ടിൽഡ് പ്രീപെയ്ഡ് പ്ലാനുകൾ  28, 56 അല്ലെങ്കിൽ 84 ദിവസത്തെ വാലിഡിറ്റിയിൽ




യഥാക്രമം 269 , 529 , 739 രൂപകളിൽ ലഭ്യമാണ്. പുതിയ പ്ലാൻ എടുക്കുന്നവർക്ക് പാട്ട് കേൾക്കാൻ ഇനി പ്രത്യേക പ്ലാനിന്റെ ആവശ്യമില്ല. കണക്റ്റിവിറ്റിയും മ്യൂസിക് സബ്സ്ക്രിപ്ഷനുകളും ഈ പ്ലാനുകളിൽ ഒരുമിച്ച് ലഭ്യമാകും.